# ശാംഭവി

ത്രൈമാസിക

Book 8 | July - September2019 | Edition 3



## പത്രാധിപക്കുറിപ്പ്

ഇവിടെ അനവധി മഹാന്മാർ ഉണ്ടായിട്ടുണ്ട്. ഇപ്പോഴുമുണ്ട്. പൂർണ്ണാവതാരമായി നാം കണക്കാക്കുന്ന ശ്രീകൃഷ്ണൻ, ബുദ്ധൻ, ചൈതന്യ മഹാപ്രഭു, ചട്ടമ്പിസ്വാമികൾ, ശ്രീരാമകൃഷ്ണ പരമഹംസർ, വിവേകാനന്ദ സ്വാമികൾ, രമണ മഹർഷി, ജിദ്ദു കൃഷ്ണമൂർത്തി, മഹർഷി അരവിന്ദൻ, നാരായണ ഗുരുദേവൻ, മഹാത്മ ഗാന്ധി, രവീന്ദ്രനാഥ ടാഗോർ തുടങ്ങി ആദ്ധ്യാത്മിക സാമൂഹികരാഷ്ട്രീയ സാഹിത്യ മേഖലകളിൽ നിരവധി മഹാത്മാക്കൾ വ്യക്തികളെയും സമൂഹത്തെയും ഉദാത്തമായ അവസ്ഥയിലേയ്ക്ക് നയിച്ചു. പ്രകൃതിയുടെയും സമൂഹത്തിന്റെയും വ്യക്തികളുടെയും സന്തുലിതാവസ്ഥ നഷ്ടപ്പെടുമ്പോൾ അതത് കാലത്തിനും അവസ്ഥയ്ക്കുമനുസരിച്ച് ഓരോ മഹാത്മാക്കൾ അവതരിച്ച് സന്തുലിതാസ്ഥയിലേക്ക് നയിക്കുന്നു. ലോകത്ത് വീണ്ടും അസന്തുലിതാവസ്ഥ വരും. അപ്പോൾ വീണ്ടും മഹാത്മാക്കൾ അവതരിക്കുന്നു. ഇത് ഗീതയിൽ ഭഗവാൻ ശ്രീകൃഷ്ണൻ പറഞ്ഞത് ഓർക്കുന്നുവല്ലോ. അസന്തുലിതം-സന്തുലിതം അഥവാ അധർമ്മം-ധർമ്മം അഥവാ ക്രമം-അക്രമം എന്നിവ മാറിമാറി വരും ലോകത്ത്. ഈ ദ്വന്ദ്വങ്ങൾക്കതീതമാണ് ഈശ്വരസങ്കല്പം. ഈശ്വര ദൃഷ്ടിയിൽ ദ്വന്ദ്വങ്ങളൊന്നുമില്ല. ലോകത്തുള്ളതെല്ലാം ഈശാവാസ്യമാണ് 'ഞാനും നിങ്ങളും' സകല ചരാചരങ്ങളും ഈശ്വരമയങ്ങളാണ്. എന്നാലും പ്രപഞ്ചത്തിലെയും സമൂഹത്തിലെയും വ്യക്തികളിലെയും പ്രകൃതിയുടെ അസന്തുലിതത്ത്വം ലോകയാത്രയ്ക്ക് വിഘാതമാകുന്നതിനാൽ ഈശ്വരാംശമായ നമുക്ക് ഓരോരുത്തർക്കും ലോകയാത്ര സുഗമമാക്കുന്നതിൽ കടമയുണ്ട്. ഇന്ന് എല്ലായിടത്തും അടിക്കടി ഉണ്ടാകുന്ന പ്രകൃതി ക്ഷോഭം, ലോകത്തെ സുഖപ്രാപ്തിയിലേക്ക് നയിക്കാത്ത വിദ്യാഭ്യാസം, യുവാക്കളിലും കൗമാരക്കാരിലും കാണുന്ന അപഥസഞ്ചാരം തുടങ്ങിയവയ്ക്കെല്ലാം അറുതി വരുത്തുവാൻ ജനാധിപത്യവ്യവസ്ഥയിൽ സകലജനങ്ങൾക്കും വലിയൊരു പങ്ക് നിർവ്വഹിക്കുവാനുണ്ട്. ഭരണകർത്താക്കൾക്ക് നേർവഴി നയിക്കുവാനേ സാധിക്കൂ. അതനുസരിച്ച് നേർവഴി നടക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്. ഒരു ചെറിയ ഉദാഹരണം സ്വച്ഛത. നേതാക്കൾ മാത്രം ചൂല് എടുത്ത് നടന്നിട്ട് കാര്യമില്ല. ഓരോരുത്തരും അവനവനിൽനിന്ന് അത് തുടങ്ങണം. ഇങ്ങനെ ലോകയാത്ര സുഗമമാക്കുന്നത് നാം ഓരോരുത്തരുമാണ്. ലോകയാത്രാ വിധായിനിയായ ദേവി നാം ഓരോരുത്തരിലൂടെയും പ്രവർത്തിക്കുന്നു.

പുസ്തകം 9 ലക്കം 1
ജൂലായ് - സെപ്തംബർ 2019

വരിസംഖ്യ സൗജന്യം

ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ - 680 712

shripuramtrust@yahoo.co.in.
www.shripuram.org

പത്രാധിപർ
പ്രകാശ് ഡി.

പത്രാധിപസമിതി
എൽ. ഗിരീഷ്കുമാർ
ഡോ. അജിതൻ പി.ഐ.
ടി.ജി. വിഷ്ണു
കണ്ണൻ കെ.എസ്.
അനൂപ് എസ്.യു.

പ്രസാധകൻ
കെ.പി. ശ്രീധരൻ നമ്പൂതിരി

പുറംചട്ട രൂപകല്പന
ഉണ്ണികൊണ്ടമറുക്.

അക്ഷരവിന്യാസം, രൂപകല്പന
രവി പാറക്കുന്നം, തൃശ്ശൂർ.

മുദ്രണം
മമ ഓഫ്സെറ്റ് പ്രിന്റ്,
നട, ഇരിങ്ങാലക്കുട

# വിഷയവിവരം

1. വിരക്തിരത്നാവലി
2

2. സംസ്കൃതപഠനം (39)
6

7. കുട്ടികളുടെ വാല്മീകിരാമായണം (20)
11

3. ഭഗവദ്ഗീതാ - ഒരു പുനർവായന (19)
13

4. ലളിതാസഹസ്രനാമം (29)
16

6. ഔഷധസസ്യങ്ങൾ (26)
ജാതിക്ക
18

10. പരമാർത്ഥസാരം (7)
19

5. ശിവസ്തോത്രാവലി (8)
24

8. ദുർഗ്ഗാചന്ദ്രകലാസ്തുതിഃ (4)
28

9. കാശ്മീര ശൈവസമ്പ്രദായം (6)
30

# വിരക്തിരത്നാവലി

സമ്പാദക : അപർണ്ണാദേവി എ.

*26. പരസ്പരമതിപ്രിയം പരമയൗവനേ യദ്വയോ-
ർവിരൂപമപി മോഹതഃ കില ശരീരമാസിത്
തദപ്രിയമഹോ ഭവത്യഥ ശരീരിണോഃ പശ്യതോഃ
സുരൂപമപി വാർധകേ വിമലചേലഭൂഷണാന്വിതം.*

*27. ജരാശിഥിലദേഹിനോ ഭുവി സുഖം കുതോ വിദ്യതേ
പ്രമൂഢഹൃദയേന്ദ്രിയോ ഭവതി തത്ര സർവാ സ്പൃഹാ.
പദം സ്ഖലതി വൈ ഗതൗ കടിതടം ന തത് പൂർവവ-
ച്ഛിരശ്ചലതി വേപതേ കരയുഗം മനോ ഭ്രാമ്യതി.*

*28. സ്വപുത്രരമണീസുതാ വിഷമവാക്യശൂലേന തം
കുതസ്തവ ധനം വദ ക്വ ന ച കർമ സമ്പാദിതം
ഇതി പ്രിയജനാഃ സദാ പരിതുദന്തി വൃദ്ധം തദാ-
പ്യഹോ സപരിഖിന്നധീഃ ശിവ ശിവേതി നാക്രോശതി.*

*29. പ്രയാന്തമപി മന്ദിരാത് പരുഷവാക്യനിർഭത്സിതം
കുചേലമതിവാർധകം വിധൃതദണ്ഡഹസ്തം നരം
ക്വ താത പരിഗച്ഛസീത്യപഹസന്തി നഷ്ട്ര്യദയഃ
പുനശ്ച പരിവേഷ്ടിതാ അപഹരന്തി തസ്യാംശുകേ*

*30. ക്വ മേ നഗരകംബളം ക്വ ച ഗതം കലിങ്ഗാംശുകം
സുമൃന്മയഘടഃ പ്രിയേ മൃദുലതാർണശയ്യാ പരാ
മഹാനിശി ഗൃഹേശ്വരി സ്വപിഷി ചോരകാലേ കഥം
പ്രജല്പതി ജരാന്വിതോ ന ലഭതേപി നിദ്രാസുഖം*

*31. ചതുർഷ്വപി ദശാന്തരേഷ്വഹഹ ഭൂപതിർമാനവഃ
സുഖം ന ലഭതേ സദാ പരവശോ യതഃ സേന്ദ്രിയഃ*

*സ്വമാതൃപിതൃവർജിതോ ഭവതി തത്ര ബാല്യേർഭകഃ*
*സദോപജനനീജനൈഃ സ പരിപോഷ്യതേ സേവകൈഃ*

32. *സദാ വിപദഹോ സുഖം കഥമ സജ്ജനോ മന്യതേ*
*നൃപേന്ദ്രതനയസ്യ സംഭവതി യച്ച കൗമാരകേ*
*ഗജാശ്വരഥവാഹനഭ്രമണചാലനാരോഹണേ*
*മഹാസ്ത്രശരചാപശിക്ഷണവിധൗ ഗദായോധനേ.*

33. *സദാ നഗരപാലനേ പ്രകൃതിരഞ്ജനേ ധ്വംസനേ*
*ദ്വിഷാം കുമതിശിക്ഷണേ സുകൃതിലോകസംരക്ഷണേ*
*സുകീർത്തിധനപോഷണേ നിജസുഹൃജ്ജനാലാപനേ*
*കുതോ നിഹിതചേതസോ നരമണേഃ സുഖം യൗവനേ*

34. *നൃപോഹമിതി ഗർവിതോ വിധിനിഷേധവർജ്യോ ഭവ-*
*ത്യമാർഗഗമനാത് സദാ ദുരിതകണ്ടകാവിദ്ധപാത്*
*ശശാങ്കമുഖസുന്ദരീവരതരക്ഷ്യപങ്ക്ത്യാം പുന-*
*ർന യാതി ഹൃദയാംശുകം നരപതേർവിലഗ്നം പരം.*

35. *ഭയം ദ്വിജകുലോദ്ഭവേ ഭവതി സർവദാ ദേഹിനഃ*
*ശ്രുതിസ്മൃതിവിചാരണേ യജനയാജനേ പാഠനേ*
*സ്വരാക്ഷരവിലോപതോ ദുരവഗാഹവേദാർഥതോ*
*യഥാവിധി ജപാർചനാവ്രതവിലോപതഃ കാലതഃ*

36. *വണിക്കുലജദേഹിനഃ ക്വ സുഖമർഥകാമസ്യ ഹാ*
*പരാർഥചയരക്ഷണേ കലിതകാലഹിനക്രയേ*
*മഹീപതിമഹാഭയേ പരപണീയലാഭക്ഷയേ*
*സദാ നിഹിതചേതസഃ കൃഷിപരിശ്രമേ*

37. *ത്രിവർണജനസേവകഃ സവിനയഃ പദാദുദ്ഭവോ*
*വിധേർഭവതി സർവദാ പരവശഃ സ ഭുങ്ക്തേ കദാ*
*അനേകപരിചര്യയാ ശിഥിലഗാത്രസർവ്വേന്ദ്രിയഃ*
*കദാ സ്വപിതി മാനവഃ കഥമസൗ വിരക്തിം ഭജേത്*

38. കുതഃ സുഖമഥ സ്ത്രിയാ ഭവതി തത്ര കൗമാരകേ
സ്വജാതികുലശീലരൂപമതിതുല്യഭർതാ മയാ
കദാ ക്വ കില ലഭ്യതേ സകലഭൂഷണാലങ്കൃതാ
ഭവാമി കഥമേവമാദിശതചിന്തയാവേഷ്ടിതേ.

39. സദാ മൃദുലഭാഷണേ ശ്വശുരസേവനേ യൗവനേ
സ്വഭർതൃപരിതോഷണേ ഗൃഹപദാർത്ഥസംരക്ഷണേ
സുപാകകരണേ പരം സുപരിവേഷണേ പ്രേരണേ
സദാർപിതദൃശഃ സുഖം പതിഗൃഹേ രമണ്യാഃ കുതഃ

40. മുഹുർഭയമഹോ സ്ത്രിയാഃ പതിവിരോധഗർഭാച്യുതേഃ
പ്രജാസു ബഹുലത്വതോ ജനനതഃ സപത്ന്യാഃ ശിശോഃ
മൃതേഃ പ്രസവതോ ധാവത്യയവിയോഗദാരിദ്ര്യതഃ
സ്നുഷാതനയയോഗതോപ്യനനുകൂലജാമാതൃതഃ

41. വിരൂപവിഗുണസ്ത്രിയാ രമണസംപ്രസാദോ ന വൈ
ജനാഃ സതതമങ്ഗനാഭിലഷന്തി രമ്യാ
സ്വമാതൃഭവനസ്ഥിതാ പരജനേന സാ നിന്ദ്യതേ
സുഖം ഖലു കുതഃ സ്ത്രിയാഃ ക്വ ഭുവി ലൗകികം ചാമൃതേഃ

42. മുരാരിപദപങ്കജപ്രവണഹസ്തിരാജോപി കിം
സുഖീ പരമഭൃത് പുരാ കുജനിനക്രവക്ത്രാഹൃതഃ
ക്ഷിതീശവരവാഹനസ്യ കരിണസ്തു കാ വാ കഥാ
നിഷാദിദൃഢശൃങ്ഖലാങ്കുശനിയന്ത്രണാദ് ബന്ധനാത്

43. സുഖം ശതമഖാശ്രയേ/പ്യഹഹ ദഭ്രമപ്യന്തതോ
ന ചാഭ്രമുപതേഃ സ്വതശ്ചരണരോധനാത് ബന്ധനാത്
പുരന്ദരമനോനുഗാം കലയതോ ഗതിം ചോത്തമാം
മുനിപ്രവരശാപതോ വസുമതീഗജത്വാന്വയാത്.

44. പയോധിമഥനോദ്ഭവഃ സുരപതിപ്രയോച്ചൈഃ ശ്രവാഃ
സദാ സുരരണാങ്കണഭ്രമണധർമലാലാമുഖഃ

*ഭവത്യപരസൈന്ധവോ നരപതേഃ കഥം പ്രാപ്നുയാത്*
*സുഖം ശകടകർഷണാത് കുശലസാദിപാദാഹതേഃ*

45. *ജിതോ ഹരിരിതീപി പക്ഷിപതിരാപ ദർപം തതോ*
*ഹരേഃ കില വരാർഥിനഃ പ്രവരപത്രതാമാവഹത്*
*സുഖം ന പതഗേശിതുശ്ച പരപക്ഷിണഃ സ്യാത്*
*കിരാതജനഭോജനസ്യ തരുകോടരാവാസിനഃ*

46. *ത്രിമൂർത്തിതനുരൂപകസ്തരുശിരോമണിഃ പുണ്യഭാക്*
*പ്രജാവിവിധകാമനാസതതപൂരണായാസ്തധീഃ*
*സുഖീ ഭവതി കിം തതോപരതരുഃ കഥം പ്രാപ്നുയാത്*
*സുഖം ഭവനപുത്തലീപരികരാദിഹേതുഃ പരം*

47. *സദാ ത്രിപഥഗാമിനീ പരമപാവിനീ സാപ്യഹോ*
*സുഖം ന ലഭതേ നൃണാം ദുരിതവർഗസംക്ഷാലനാത്*
*തനുമലപരിക്ഷയാച്ഛിവകപർദസംരോധനാ-*
*ന്നദീ വിപിനഗാമിനീ കിമയതേ സുഖം ജാഡ്യഭാക്*

48. *സുഖം കിമു സരിത്പതേശ്ചുലുകനാന്മുനേർമന്ഥനാ-*
*ദഹീന്ദ്രതനുരജ്ജുനാ സതതബാഡബഗ്രാസതഃ*
*സുപ്രവരബന്ധനാന്നിയതമാകുലീഭാവതോ*
*നിജേ ഹി ഭവനേ സദാ സ്വതനുജാപതേർവാസനാത്*

49. *സമുദ്രജലപാനതോ ഗഗനമാർഗസഞ്ചാരതഃ*
*പ്രചണ്ഡപവനാഹതേരശനിതാഡനാദ് പ്രജിന്നഃ*
*അകാലനിജകാലയോരപി ച ഭൂതലേ വർഷണാത്*
*കുതോ ജഡമയസ്യ ഹാ ഭവതി ധൂമയോനേഃ സുഖം*

50. *വനസ്പതിപതിഃ സ്വയം സ ഖലു രാജയക്ഷ്മാകുലഃ*
*സുധാകരശരീരഭൃദ് ഭവതി രാഹുണാ പീഡിതഃ*
*മലിംലുചസരോരുഹ പ്രവരകാമുകദ്വേഷിണോ*
*വിചിത്രമമരത്വമേതഭവലോകയേന്ദോഃ പരം.*

# സംസ്കൃതപഠനം (39)

ഡി. പ്രകാശ്

(കഴിഞ്ഞലക്കം തുടർച്ച)

നമുക്ക് സംസ്കൃതപാഠം അഭ്യാസങ്ങളിലൂടെ ആദ്യം മുതൽ അനുസ്മരിയ്ക്കാം.

1. ശബ്ദങ്ങൾ അഥവാ പദങ്ങൾ രണ്ടു വിധമുണ്ടല്ലോ. ഒന്നാമത്തേത് സ്വരത്തിൽ അവസാനിക്കുന്ന അജന്തവും വ്യഞ്ജനത്തിൽ അവസാനിക്കുന്ന ഹലന്തവും. രണ്ടാമത്തേത് ക്രിയാപദമെന്ന തിങന്തവും. താഴെ കുറെ പദങ്ങൾ കൊടുക്കുന്നു. അവയെ പട്ടികപ്പെടുത്തി എഴുതുക.

अजः मयूरी राजा मरुत् काकी सिंहः
भवति, वाक्, पठति, तत्, पिबति, कविः, गच्छति, किम्, धावति

| അജന്തം | ഹലന്തം | ക്രിയാപദം |
|---|---|---|
| ... ... ... ... | ... ... ... ... | ... ... ... ... |
| ... ... ... ... | ... ... ... ... | ... ... ... ... |

2. താഴെ കൊടുത്തിട്ടുള്ള വാക്യങ്ങളിൽനിന്ന് പദങ്ങളെ നാമപദങ്ങളായ അജന്തം, ഹലന്തം എന്നും ക്രിയാപദമായ തിങന്തമെന്നും വേർതിരിച്ചെഴുതുക.

रामः प्रभाते उत्तिष्ठति। सः मातापितरौ प्रणमति। सूर्यः उदयति। सः तं नमस्करोति। सः सूर्यस्य प्रकाशे पठति। तदा कमलानि विकसन्ति। पक्षिणः डयन्ते। सः सुहृद्भिः सह विद्यालयं गच्छति।

| അജന്തം | ഹലന്തം | ക്രിയാപദം |
|---|---|---|
| ... ... ... ... | ... ... ... ... | ... ... ... ... |
| ... ... ... ... | ... ... ... ... | ... ... ... ... |

3. താഴെ കൊടുത്തിട്ടുള്ള പദങ്ങളെ സ്ത്രീലിംഗ പുല്ലിംഗ നപുംസക ലിംഗങ്ങളായി വേർതിരിച്ചെഴുതുക.

विद्यालयः, अध्यापिका, मित्रं, माता, सुहृद्, बालिका, कठिनी,

श्यामफलकम्, प्रकोष्ठः, उत्पीठिका, आसन्दः, फलम्, वृक्षः, कवाटम्, सोपानानि, वनम्, मुखम्, अनुजः, कनिष्ठा

4. താഴെ കൊടുത്തിട്ടുള്ള പദങ്ങളെ വചനങ്ങൾക്കനുസരിച്ച് പട്ടികപ്പെടുത്തുക.

ग्रामौ, धेनुः, गुरवः, बालः, पितरः, लेखन्यः, तरुः, गौः, मेघौ, तृणं, वारीणि, याने, ताः, छत्रम्, मुनयः, सुहृदः, नौके, जलानि, माला, चक्राणि, शिशुः, वृद्धाः, राजा, केशाः, राशी, मयूर्यः।

| ഏകവചനം | ദ്വിവചനം | ബഹുവചനം |
|---|---|---|
| ... ... ... ... | ... ... ... ... | ... ... ... ... |
| ... ... ... ... | ... ... ... ... | ... ... ... ... |

5. ബ്രാക്കറ്റിലുള്ള പദത്തിന്റെ ദ്വിതീയാവിഭക്തി രൂപംകൊണ്ട് അതത് വാക്യങ്ങൾ പൂരിപ്പിക്കുക.

1. सुरेशः _______ गच्छति। (ग्रामः)
2. गणेशः _______ आरोहति (हिमालयः)
3. मनोजः _______ आलपति (कविता)
4. छात्राः _______ शृण्वन्ति (वार्ता)
5. बालिका _______ पठति (पुस्तकं)
6. लतिका _______ नयति (छत्रं)
7. जनः _______ नमस्करोति (रविः)
8. रत्नाकरः _______ वन्दते (मुनिः)
9. शिशुः क्षीरस्य _______ अनुभवति (रुचिः)
10. शुनकः यजमानस्य आपदि _______ प्रदर्शयति (मतिः)
11. गजः स्नानार्थं _______ गच्छति (नदी)
12. छात्राः _______ नमन्ति (गुरुः)
13. गोपालकः _______ स्नापयति (धेनुः)

14. सेनापतिः _______ विन्यसति (चमूः)
15. छात्राः _______ प्रणमन्ति (माता)
16. पुत्राः _______ पृच्छन्ति (पिता)
17. ग्रामीणाः _______ चरन्ति (गौः)
18. जनाः वृष्टिनिमित्तं _______ विकासयति (छत्राणि)
19. मम मित्रं द्वे _______ रचयति (कविते)
20. राजनैतिकमण्डले अधार्मिकाः असत्याः _______ रचयन्ति (वार्ताः)
21. गोपालाः दैवम् अनुकूलयितुं _______ पूजयन्ति (पर्वताः)
22. विद्वांसः द्वदश _______ स्तुवन्ति (रवयः)
23. रत्नाकरः सप्त _______ साष्टाङ्गं प्रणमति (ऋषयः)
24. कृष्णा यमुना इति द्वौ _______ पश्यामः (नद्यौ)
25. गोपाला अनेकाः _______ परिचरन्ति (गावः)

## കാവ്യപാഠം

ശ്ലോകം 4

*अथवा कृतवाग्द्वारे वंशेऽस्मिन् पूर्वसूरिभिः*
*मणौ वज्रसमुत्कीर्णे सूत्रस्येवास्ति मे गतिः*

പദങ്ങൾ

अथवा कृतवाग्द्वारे वंशे अस्मिन् पूर्वसूरिभिः मणौ वज्रसमुत्कीर्णे सूत्रस्य इव अस्ति मे गतिः।

അന്തലിംഗവിഭക്തിവചനാനി

अथवा - അവ്യയപദം
कृतवाग्द्वारे - അകാരാന്ത പുല്ലിംഗഃ സപ്തമീ ഏകവചനം
वंशे - അകാരാന്ത പുല്ലിംഗഃ സപ്തമീ ഏകവചനം
अस्मिन् - മകാരാന്ത ഇദം ശബ്ദഃ പുല്ലിംഗം സപ്തമീ ഏകവചനം

पूर्वसूरिभिः - ഇകാരാന്തഃ (ഇതന്തം) പുല്ലിംഗഃ തൃതീയാ ബഹുവചനം

मणौ - ഇകാരാന്തഃ പുല്ലിംഗഃ സപ്തമീ ഏകവചനം

वज्रसमुत्कीर्णे - അകാരാന്തഃ നപുംസകഃ ഷഷ്ഠീ ഏകവചനം

इव - അവ്യയപദം

मे - ദകാരാന്തഃ അസ്മദ് ശബ്ദഃ ഷഷ്ഠീ ഏകവചനം

गतिः - ഇകാരാന്തം സ്ത്രീലിംഗഃ പ്രഥമാ ഏകവചനം

ധാതുപദലകാര പുരുഷവചനാനി

अस्ति - अस भुवि - परस्मैपदी - लट् - प्रथमपुरुषः एकवचनम्

क्रियापदरूपाणि

| | | |
|---|---|---|
| अस्ति | स्तः | सन्ति |
| अस्ति | स्थः | स्थ |
| अस्मि | स्वः | स्मः |

| समस्तपदम् | विग्रहः | समासः |
|---|---|---|
| वाग्द्वारं | वाक् एव द्वारं | कर्मधारयः |
| कृतवाग्द्वारे | कृतः वाग्द्वारः यस्मिन् सः। तस्मिन् | सप्तमी बहुव्रीहिः |
| पूर्वसूरिभिः | पूर्वे सूरयः पूर्वसूरयः तैः | कर्मधारय |
| वज्रसमुत्कीर्णे | वज्रेण समुत्कीर्णः तस्मिन् | तृतीया तत्पुरुषः |

സന്ധി

वंशेऽस्मिन् - वंशे अस्मिन्

सूत्रस्येवास्ति - सूत्रस्य इव अस्ति

പദാർത്ഥം

अथवा = അല്ലെങ്കിൽ

कृतवाग्द्वारे = വാക്കുകളാകുന്ന ദ്വാരം നിർമ്മിച്ചിട്ടുള്ളതിൽ
वंशे = വംശത്തിൽ
अस्मिन् = ഇതിൽ
पूर्वसूरिभिः = മുമ്പുണ്ടായിരുന്ന പണ്ഡിതന്മാരാൽ
मणौ = രത്നത്തിൽ
वज्रसमुत्कीर्णे = വജ്രത്താൽ (രത്നങ്ങളെ തുളയ്ക്കാൻ സാമർത്ഥ്യമുള്ള) തുളയ്ക്കപ്പെട്ടതിൽ
सूत्रस्य = നൂലിന്
इव = പോലെ
अस्ति = ഉണ്ട്
गतिः = പ്രവേശം

(തുടരും)

# കുട്ടികളുടെ വാല്മീകിരാമായണം  20

ഉണ്ണികൃഷ്ണൻ കിഴുത്താനി
ഫോൺ : 0480 2832108

(ലോകത്തിലെ എല്ലാ കുട്ടികളുടേയും മാനസികാരോഗ്യത്തിനും മൂല്യബോധസംരക്ഷണത്തിനുമായി സമർപ്പിയ്ക്കുന്നു.)

(കഴിഞ്ഞലക്കം തുടർച്ച)

ലക്ഷ്മണന്റെ സഹോദരസ്നേഹത്തിൽ ആകൃഷ്ടനായ ഗുഹൻ, ലോകത്തൊരിടത്തും ഇത്രമാത്രം ഗാഢമായ സോദരബന്ധം കാണാൻ കഴിയില്ലെന്ന് ആണയിട്ട് പറയുന്നു. ഭർത്താവിനെ അനുഗമിയ്ക്കുന്നതും, സുഖത്തിലും ദുഃഖത്തിലും പങ്കുചേരുന്നതുമായ പതിവ്രതകളെ നമുക്ക് സുപരിചിതമാണ്. പക്ഷേ, ഊണിലും ഉറക്കത്തിൽപോലും ജ്യേഷ്ഠന്റെ സുരക്ഷമാത്രമാണ് തന്റെ ജീവിതലക്ഷ്യമെന്ന് കാണിച്ചുതന്ന അപൂർവ്വ സഹോദരനാണ് ലക്ഷ്മണൻ. സ്നേഹമെന്ന പദത്തിന് ഇത്രമാത്രം വ്യാപകാർത്ഥങ്ങളും, രൂപ-ഭാവങ്ങളുമുണ്ടെന്ന വാസ്തവം മനസ്സിലാക്കിത്തന്ന വാല്മീകി മഹർഷിയാണ് ഏറ്റവും വലിയ മനുഷ്യസ്നേഹി എന്ന് നിസ്സംശയം പറയാം. കുട്ടകാരേ, അദ്ദേഹം വിഭാവനം ചെയ്ത ആ സാഹോദര്യം

നമ്മൾ പ്രവർത്തിപഥത്തിൽ വരുത്തേണ്ടത് ഈ കാലഘട്ടത്തിന്റെ കൂടി ആവശ്യമായി മാറിയിരിക്കുന്നു. സഹോദരസ്നേഹം, പിതൃ-പുത്രസ്നേഹം, സഹജീവിസ്നേഹം, രാജ്യസ്നേഹം, സർവ്വോപരി പ്രകൃതിസ്നേഹം ഇതെല്ലാം സമന്വയിപ്പിച്ച് വാല്മീകി, രാമയണത്തിൽ പീലിവിടർത്തിആടുന്നു. യഥാർത്ഥ എഴുത്തുകാരൻ എപ്രകാരമായിരിക്കണമെന്നതിന്റെ പ്രകടോദാഹരണം കൂടിയാണദ്ദേഹം.

പിന്നീട് കണ്ണുനീരണിയിക്കുന്ന നിരവധി ദൃശ്യങ്ങളിലേക്ക് ചലച്ചിത്രത്തിലെന്നവണ്ണം മഹർഷി നമ്മെ ആനയിക്കുന്നു. സൂതനായ സുമന്ത്രരുടെ വേർപിരിയലും വിഷാദവും ശ്രീരാമനോടുള്ള ഭക്തി-സ്നേഹവായ്പും തിരികെച്ചെന്നാലുള്ള അവസ്ഥയെക്കുറിച്ചുള്ള തിരിച്ചറിവുമെല്ലാം അതീവ ഹൃദ്യമായി അവതരിപ്പിച്ചിരിക്കുന്നു. അതിനുശേഷം ആശ്രമവാസത്തിന്നായുള്ള ഒരുക്കങ്ങൾ ആരംഭിക്കാൻ ശ്രീരാമൻ ഗുഹന്റെ സഹായം അഭ്യർത്ഥിച്ചു. ജനവാസകേന്ദ്രങ്ങളോട് വിടപറഞ്ഞ്, അച്ഛന്റെ പ്രതിജ്ഞാപാലനത്തിന്നായി താപസന്മാരായി മാറിയ ശ്രീരാമലക്ഷ്മണന്മാർ രാജ്യവും കാടും മേടും സർവ്വതും സ്ഥിതപ്രജ്ഞരെ സംബന്ധിച്ചിടത്തോളം ഒരു പോലെയാണെന്നു ലോകത്തിന് കാണിച്ചുതരുന്നു. മുടി ജടപിടിപ്പിക്കാനായി ഉപയോഗിക്കുന്ന പേരാലിന്റെ പ്രാധാന്യംകൂടി ഭംഗ്യന്തരേണ ഈ അവസരത്തിൽ വാല്മീകി വ്യക്തമാക്കുന്നു. യഥാർത്ഥ ഭരണാധികാരി പേരാലിനെപ്പോലെ സമുന്നതനും, സർവ്വസംഗപരിത്യാഗിയുമായി ലോകത്തിനുതന്നെ തണലേകുന്ന മഹത്തായ ഭാരതീയ പാരമ്പര്യം, ലോകത്തിൽ മറ്റെവിടെയാണ് കാണാൻ കഴിയുക? 'ഇദം ന മമ' – ഇതൊന്നും എന്റേതല്ല, അഥവാ മഹാരാജാവ് നല്ല സൂക്ഷിപ്പുകാരനായിക്കണമെന്ന 'രാമായണ ദർശനം' ഇന്നത്തെ ഭരണാധികാരികളെ ഉദ്ദേശിച്ചായിരിക്കയില്ല, തീർച്ച, അല്ലേ കൂട്ടുകാരെ.

ശ്രീരാമൻ ആത്മസുഹൃത്തായ ഗുഹനേയും സൂതനായ സുമന്ത്രനേയും യാത്രയാക്കിയതിനുശേഷം സുകൃതവാഹിനിയായ ഗംഗയെ മൂവരുംചേർന്ന് പ്രണമിച്ച് ഉപചാരങ്ങൾ ചെയ്യുന്നു. പിന്നീട് അവർ ഗംഗ, യമുനയുമായി സംഗമിക്കുന്ന ദിക്കുനോക്കി യാത്ര തുടർന്നു. പുണ്യകേദാരമായ ഭരദ്വാജാശ്രമത്തിലെത്തി, ഭരദ്വാജമുനിയെ വണങ്ങി അനുഗ്രഹം നേടുകയായിരുന്നു അടുത്ത ലക്ഷ്യം. 'പ്രയാഗ'യുടെ പുണ്യമെന്നാണ് മുനിപുംഗവൻ ശ്രീരാമ-സീത-ലക്ഷ്മണ ആഗമനത്തെ വിശേഷിപ്പിച്ചത്. ശാന്തവും പ്രകൃതിരമണീയവുമായ ഭരദ്വാജാശ്രമം വല്ലായ്മകളെയെല്ലാം അകറ്റി. അവർക്കനുയോജ്യമായ വാസസ്ഥലവും മുനിശ്രേഷ്ഠൻ നിർദ്ദേശിച്ചു. പുണ്യപുരാതനവും മഹർഷിമാരുടെ ആവാസകേന്ദ്രവുമായ 'ചിത്ര

കൂട'പർവ്വതനിരയിൽ മനസ്സിന്നാനന്ദമേകുന്ന ഭൂവിഭാഗങ്ങൾ, 'ഗന്ധമാദ ന' പർവ്വതപാർശ്വങ്ങൾക്കു സമാനമാണെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. അവരെ ഏറെ ആനന്ദിപ്പിച്ച സസ്യശ്യാമളകോമളമായ പ്രദേശമായതുകൊണ്ട് ഫലമൂലാദികൾ സുലഭമായിരിയ്ക്കുമെന്ന മഹാമു നിയുടെ വാക്കുകൾ അവർക്ക് പുതിയ ഊർജ്ജം പ്രദാനം ചെയ്തു. ഏറെ പ്രതീക്ഷയോടെ ശ്രീരാമ-സീത-ലക്ഷ്മണന്മാർ ഉടൻതന്നെ ചിത്രകൂടം ല ക്ഷ്യമാക്കി യാത്രതിരിച്ചു.

(തുടരും)

---

# ഭഗവദ്ഗീതാ – ഒരു പുനർവായന [19]

എൽ. ഗിരീഷ്കുമാർ

കഴിഞ്ഞലക്കം തുടർച്ച

## അഭിനവഗുപ്തവ്യാഖ്യാനം

ഏവം സർവേഷ്വവിവേകിഷു മമ വിവേകിനഃ കിമുചിതം, ഉചിതം താവദ്യുദ്ധാന്നിവർത്തനം, ഏതത്തുചിതതരമിത്യാഹ.

ഇപ്രകാരം വിവേകമില്ലാത്തവരുടെ ഇടയിൽ വിവേകമുള്ള എനിക്ക് ഉചിതമായിട്ട് തോന്നുന്നത് യുദ്ധത്തിൽനിന്നു പിൻവാങ്ങുക എന്നുള്ളതാ ണ്. ഇതിലും ഏറ്റവും ഉചിതമായിട്ടുള്ളത് അർജ്ജുനൻ ഇനി പറയുന്നു.

*46. യദി മാമപ്രതീകാര*
*മശസ്ത്രം ശസ്ത്രപാണയഃ*
*ധാർതരാഷ്ട്രാ രണേ ഹന്യു-*
*സ്തന്മേ ക്ഷേമതരം ഭവേത്*

അർത്ഥം : യുദ്ധത്തിൽ ശസ്ത്രമെടുത്തവരായ ധൃതരാഷ്ട്രപുത്രന്മാരായ കൗരവന്മാർ പ്രതികാരം ചെയ്യാത്തതും ശസ്ത്രമെടുക്കാത്തതുമായ എന്നെ കൊല്ലുകയാണെങ്കിൽ അതാണെനിക്ക് ഏറ്റവും നല്ലതായി ഭവിക്കുക.

യുദ്ധത്തിൽനിന്ന് പിൻവാങ്ങുന്നതിനേക്കാൾ നല്ലതും ഒന്നും പ്രതി കരിയ്ക്കാതെയും ആയുധങ്ങളൊന്നുമെടുക്കാതെയും കൗരവരുടെ ആയു ധങ്ങളാൽ വധിയ്ക്കപ്പെടുന്നതാണ് തനിക്ക് ഏറ്റവും ക്ഷേമമായിട്ടുള്ളത്

എന്നാണ് അർജ്ജുനൻ അവസാനമായി ശ്രീകൃഷ്ണപരമാത്മാവിനോട് പറയുന്നത്.

നിരായുധനായ തന്നെ യുദ്ധക്കളത്തിൽവെച്ച് കൗരവർ കൊന്നാലും അതാണ് തനിക്ക് നല്ലത് എന്ന് അർജ്ജുനൻ വിചാരിക്കുന്നത് ആത്മ ദ്രോഹപരമാണ്. നമ്മുടേത് എന്ന് വിചാരിക്കുന്ന ശരീരം ഉൾപ്പടെയുള്ള എല്ലാം അതിഥികൾ മാത്രമാണ്. ഞാൻ എന്ന ബോധം നിത്യമായിട്ടുള്ളതാണ്. ആയതിനാൽ വന്നുപോകുന്നവരായ ശരീരാദി അതിഥികളെ ദേവന്മാരായി കണക്കാക്കേണ്ടതാണെന്ന് 'അതിഥിദേവോ ഭവ' എന്ന സംസ്കൃതി നമ്മേ പഠിപ്പിക്കുന്നു. ആയതുകൊണ്ട് സ്വശരീരത്തെ പീഡിപ്പിക്കുന്നതായ ഏതു മുറയും അക്രമമാകുന്നു. അതിന് നമുക്ക് അധികാരവുമില്ല.

ഇപ്രകാരം യുദ്ധത്തിൽ പിന്മാറുകയാണോ അതിലും നല്ലത്, നിരായുധനായി കൗരവരുടെ ആയുധത്തിന് സ്വശരീരത്തെ ഇരയാക്കലാണോ നല്ലത് എന്ന് ഇതികർത്തവ്യതാമൂഢതയിലുള്ള അവസ്ഥയിൽ ശ്രീകൃഷ്ണപരമാത്മാവിന്റെ മുമ്പിലുള്ള അർജ്ജുന്റെ ഇരിപ്പിനെ അടുത്ത ശ്ലോകത്തിൽ വർണ്ണിക്കുന്നു.

*47. ഏവമുക്ത്വാർജ്ജുനഃ സംഖ്യേ*
*രഥോപസ്ഥ ഉപാവിശത്*
*വിസൃജ്യ സശരം ചാപം*
*ശോകസംവിഗ്നമാനസഃ*

അർത്ഥം : ഇപ്രകാരം പറഞ്ഞിട്ട് അർജ്ജുനൻ ശോകത്താൽ മനസ്സ് മൂടപ്പെട്ടവനായി ശരത്തോടുകൂടിയ വില്ല് ഉപേക്ഷിച്ച് രഥത്തിൽ ഇരുന്നു.

യുദ്ധം ചെയ്താൽ അതിനുശേഷം ഉണ്ടായേക്കാവുന്ന ഫലങ്ങളെക്കുറിച്ച് ചിന്തിച്ചും അത് ഉണർത്തുന്ന ശോകപരിതാപങ്ങളെക്കൊണ്ട് മൂടപ്പെട്ട മനസ്സോടുകൂടിയവനായും അർജ്ജുനൻ യുദ്ധം ചെയ്യണമെന്ന തീരുമാനത്തിൽനിന്ന് പിൻതിരിഞ്ഞ് സ്വന്തം ശരചാപങ്ങളെ ത്യജിച്ച് രഥത്തിൽ ശ്രീകൃഷ്ണ പരമാത്മാവിന്റെ മുമ്പിൽ നിഷ്ക്രിയനായി ഇരുന്നു.

ഈ അദ്ധ്യായത്തിൽ അർജ്ജുനനെ ആദ്യം 'ധനുരുദ്യമ്യ' എന്ന് ധനുസ്സ് കൈകൊണ്ട് ഉയർത്തിയവനായും അദ്ധ്യായാവസാനം 'വിസൃജ്യ സശരം ചാപം' എന്ന് ചാപങ്ങളെ വലിച്ചെറിഞ്ഞവനായും വരച്ചുകാട്ടി വ്യാസഭഗവാൻ തന്റെ കവിത്വപാടവം തെളിച്ചിരിക്കുന്നു. അർജ്ജുന മ

നസ്സിലെ ഇതികർത്തവ്യതാമൂഢതയെയും ശരീരമനസ്സുകളിലെ ബലക്കുറവിനെയും ചാപത്തിന്റെ ഉയർച്ചതാഴ്ചയിലൂടെ വ്യാസഭഗവാൻ അതിമനോഹരമായി വരച്ചു കാണിക്കുന്നു.

ഈ ഒന്നാം അദ്ധ്യായത്തിന്റെ സംഗ്രഹമെന്ന നിലയ്ക്ക് അഭിനവഗുപ്തപാദാചാര്യൻ എല്ലാ അദ്ധ്യായങ്ങളിലുമെന്നപോലെ ഇവിടെ ഒരു ശ്ലോകം കൊടുത്തിരിക്കുന്നു.

*അത്ര സംഗ്രഹശ്ലോകഃ*

*വിദ്യാവിദ്യോഭയാഘാത-*
*സംഘട്ടവിവശീകൃതഃ*
*യുക്ത്യാ ദ്വയമപി ത്യക്ത്വാ*
*നിർവിവേകോ ഭവേന്മുനിഃ*

ശ്രീമദ്ഭഗവദ്ഗീതയുടെ ഓരോ അദ്ധ്യായങ്ങൾക്കും മഹാഭാരതത്തിൽ പ്രത്യേകിച്ച് പേരുകൾ നല്കാത്തതുകൊണ്ട് അഭിനവഗുപ്താപാദാചാര്യനും ഇവിടെ പേരുകൾ നല്കുന്നില്ല. പകരം അദ്ധ്യായങ്ങളിൽനിന്ന് ഗ്രഹിക്കേണ്ടതായ ആശയം സംഗ്രഹിച്ചു നല്കുന്നു.

അറിവുകൊണ്ട് എടുക്കുന്ന തീരുമാനവും അറിവില്ലായ്മകൊണ്ട് എടുക്കുന്ന തീരുമാനവും തമ്മിലടിക്കുമ്പോൾ ആ പരസ്പര സംഘർഷം നമ്മളെ വിവശരാക്കുന്നു. ആ സമയം യുക്തിചിന്തകൊണ്ട് ആ രണ്ടു തീരുമാനങ്ങളെയും ഉപേക്ഷിച്ച് മൗനിയായിരിക്കണമെന്നാണ് ഇവിടെ ഉപദേശിക്കുന്നത്.

ഇതികർത്തവ്യതാമൂഢരായ നാം അറിവുകൊണ്ടും അറിവില്ലായ്മകൊണ്ടും എടുക്കുന്ന രണ്ടു തീരുമാനങ്ങളെയും സ്വീകരിക്കാതെ യുക്തിചിന്തകൊണ്ട് രണ്ടും ഉപേക്ഷിച്ച് മൗനമവലംബിച്ച് നിശ്ചലനായിരിക്കുമ്പോൾ ഉയർന്നതലത്തിൽനിന്നുള്ള അറിവ് നമ്മളിലേയ്ക്ക് സംക്രമിയ്ക്കും. ഉയർന്ന ബോധതലത്തിൽനിന്ന് താഴ്ന്നബോധതലത്തിലേയ്ക്ക് സഹജാവബോധം അഥവാ ഉൾക്കാഴ്ച അഥവാ അന്തർജ്ഞാനം (Intutive Knowledge) സംക്രമിക്കും.

ഇവിടെ അർജ്ജുനൻ അപ്രതീകാരനായിട്ട് നിശ്ചലനായിട്ടിരിക്കുന്നത് ശ്രീകൃഷ്ണപരമാത്മാവിന്റെ മുമ്പിലാണ് എന്നത് ഇക്കാര്യത്തെ നമ്മളെ ഓർമ്മപ്പെടുത്തുന്നു.

(തുടരും)

# ലളിതാസഹസ്രനാമം (29)

എൽ. ഗിരീഷ്കുമാർ

(കഴിഞ്ഞലക്കം തുടർച്ച)

*നിരഞ്ജനാ* : മാലിന്യമില്ലാത്തവൾ.

ഒരു തരത്തിലുമുള്ള മാലിന്യമില്ലാത്തവളാണ് ദേവി. നമുക്കെല്ലാം മൂന്നു തരത്തിലുള്ള മാലിന്യങ്ങളുണ്ട്.

1. ആണവമലം

അനന്തമായത് അല്പമായിത്തീർന്നു അഥവാ അണുവായിത്തീർന്നു. അതാണ് ആണവമലം.

2. മായികമലം

അനന്തമായത് അണുവായപ്പോൾ പലതായി എന്നു തോന്നി. അപ്പോൾ അത് അളക്കപ്പെട്ടതായിത്തീർന്നു. ഇവിടെയും അവിടെയും ഞാനും അതും എന്നിങ്ങനെയുള്ള അവസ്ഥ കൈവന്നു. ഇതാണ് മായികമലം. ഇതാണല്ലോ മായാ. മീയതേ അനേന ഇതി. അളക്കപ്പെട്ട അവസ്ഥയിലാകുക.

4. കാർമ്മികമലം

അളക്കപ്പെട്ടുകഴിഞ്ഞപ്പോൾ ഒരിടത്തുനിന്ന് വേറൊരിടത്തേക്ക് പോകണം. അതായത് പ്രവർത്തിക്കണം എന്ന സ്ഥിതി വന്നു. എന്നാൽ മാത്രമേ അവിടെ എത്തുകയുള്ളൂ. ഇത് കാർമ്മികമലം.

ഈ മലത്രയങ്ങളോട്ടു കൂടിയവരായതുകൊണ്ട് നമ്മളെ തന്ത്രശാസ്ത്രത്തിൽ സകളർ എന്നാണ് വിളിക്കുന്നത്. അതായത് എല്ലാ മലങ്ങളുമുള്ളവർ. എന്നാൽ ദേവിക്ക് ഒരൊറ്റ മലം പോലുമില്ല. താനായിട്ട് ചുരുങ്ങിയപ്പോഴും ദേവി വാസ്തവത്തിൽ ചുരുങ്ങിയിട്ടില്ല. അതുകൊണ്ട് ദേവി നിരഞ്ജനയാണ്.

*44. നിർലേപാ നിർമലാ നിത്യാ നിരാകാരാ നിരാകുലാ*
*നിർഗുണാ നിഷ്കളാ ശാന്താ നിഷ്കാമാ നിരുപപ്ലവാ*

നിർലേപാ - അശുദ്ധിയില്ലാത്തവൾ

പരിശുദ്ധയാണ് ദേവി എന്നർത്ഥം. ഒന്നിനും ദേവിയെ അശുദ്ധയാക്കാൻ പറ്റില്ല. അഗ്നിയെപ്പോലെയാണ് ദേവി എന്നു സാരം. ഏതു വസ്തുവിനെയും ശുദ്ധമാക്കും. അഗ്നിയിലേയ്ക്കു് എറിയപ്പെട്ട വസ്തു അഗ്നിയെ ബാധിയ്ക്കുകയില്ലല്ലോ. അതുപോലെ ദേവിയെ പ്രാപിച്ചു കഴിഞ്ഞാൽ അശുദ്ധമായതുപോലും ശുദ്ധമായിത്തീരും. എല്ലായ്പ്പോഴും ശുദ്ധയായിരിക്കുന്നതുകൊണ്ടാണ് നിർലേപാ എന്ന നാമം.

നിർമലാ - നിർഗതങ്ങളായ മലങ്ങളോടുകൂടിയവൾ. മലത്രയങ്ങളൊന്നുമില്ല എന്നർത്ഥം.

നിത്യാ - ശാശ്വതയായവൾ.

ജനനമരണങ്ങളുള്ളവരാണ് നമ്മൾ എന്നു മനസ്സിലാക്കുന്നതുകൊണ്ട് നമ്മൾ അനിത്യരാകുന്നു. എന്നാൽ ദേവി ജനിയ്ക്കുന്നുമില്ല, മരിക്കുന്നുമില്ല. അതുകൊണ്ട് നിത്യയാണ്.

നിരാകാരാ - രൂപമില്ലാത്തവൾ.

പ്രത്യേകിച്ച് ഒരു രൂപമില്ല ദേവിയ്ക്ക്. രൂപമില്ലാത്ത ഒന്നിനെ നമുക്ക് മനസ്സിലാക്കുവാൻ പ്രയാസമാണ്. ഇതിനുമുമ്പ് രൂപങ്ങളോടുകൂടിയ ദേവിയെയാണ് വർണ്ണിച്ചത്. ആ വർണ്ണനകളെല്ലാം നമ്മുടെ ബുദ്ധികൊണ്ട് മനസ്സിലാക്കാൻ സാധിയ്ക്കുന്നതാണെങ്കിൽ അജ്ഞാനമില്ലാത്തവൾ, അശുദ്ധിയില്ലാത്തവൾ, മലത്രയങ്ങളില്ലാത്തവൾ, ജനനമരണങ്ങളില്ലാത്തവൾ, രൂപത്തോട് കൂടാത്തവൾ എന്നതെല്ലാം നമ്മുടെ അല്പബുദ്ധികൊണ്ട് മനസ്സിലാക്കാൻ പറ്റാത്തതാണ്. നമ്മുടെ മനസ്സിന് അകത്തായാൽ ദേവി ചുരുങ്ങും. നമ്മുടെ മനസ്സിന് അകത്താക്കാൻ പറ്റാത്തതുകൊണ്ടാണ് ദേവിയെ മനസ്സിലാവാത്തത്. അതുകൊണ്ട് ദേവി മനസ്സിനപ്പുറത്താണ്. അതുകൊണ്ട് രൂപമില്ലാത്തവൾ, ആകൃതിയില്ലാത്തവൾ എന്നു പറഞ്ഞാൽ മനസ്സിലാവില്ല എന്നു മാത്രമല്ല, ഒരു രൂപമില്ലാത്തവൾ എന്നു പറഞ്ഞാലും ഏതു രൂപവും ദേവിയുടേതാണ് എന്നും എടുക്കാം. ഏതു രൂപവും എവിടെ കണ്ടാലും ദേവിയുടെതാണെന്ന് അർത്ഥം. വിജ്ഞാനഭൈരവതന്ത്രത്തിൽ പറയുന്ന ഒരു ധ്യാനസമ്പ്രദായത്തിൽ ഇപ്രകാരം പറയുന്നു - മനസ്സ് എവിടെ കേന്ദ്രീകരിക്കുന്നുവോ അത് ശിവനാണെന്ന് ധ്യാനിക്കുക. ഇപ്രകാരം എല്ലാ ആകാരങ്ങളും ദേവിയുടെതാണ് എന്നർത്ഥം.

നിരാകുലാ - യാതൊരു പാരാവശ്യവുമില്ലാത്തവൾ

പെട്ടെന്ന് ഒന്നും ചെയ്യേണ്ട ആവശ്യമില്ലാത്തവൾ. ഒന്നും പ്രത്യേകിച്ച് ചെയ്യേണ്ടതായിട്ടും ചെയ്യാനില്ലാത്തതായിട്ടും ഇല്ലാത്തവൾ. അപ്പോൾ യാതൊരു പാരവശ്യവുമില്ല ദേവിയ്ക്ക്. വേറൊരാൾ പറഞ്ഞത് കേൾക്കേണ്ടതായിട്ടുമില്ല. കാരണം, സ്വാധീനവല്ലഭാ എന്ന നാമം ഓർക്കുക. സംഭവിയ്ക്കുമോ സംഭവിയ്ക്കുകയില്ലയോ എന്ന ഉത്കണ്ഠയുമില്ല എന്നതുകൊണ്ട് ദേവി നിരാകുലയാണ്.

നിർഗുണാ - ഗുണമില്ലാത്തവൾ

സത്ത്വം, രജസ്സ്, തമസ്സ് എന്നീ മൂന്നു ഗുണങ്ങളും ഒന്നിച്ച് ചേർന്നതിനാൽ ഗുണാതീതമായവൾ. അതുകൊണ്ട് ദേവി നിർഗുണയാണ്. 24 തത്ത്വങ്ങളിൽ പ്രകൃതിയിൽ സത്ത്വരജസ്സ് തമസ്സുകളുടെ സാമ്യാവാസ്ഥയാണ് ഉള്ളത്. ആ സാമ്യാവസ്ഥ നഷ്ടപ്പെടുമ്പോഴാണ് വികൃതിയായിത്തീരുന്നത്. അങ്ങനെ വികൃതിയാകാത്ത പ്രകൃതിയാണ് നിർഗുണാ.

(തുടരും)

---

ഔഷധസസ്യങ്ങൾ -26

# ജാതിയ്ക്ക

ഉണ്ണികൃഷ്ണൻ കിഴുത്താനി ഫോൺ 0480 2832108

ഉദരസംബന്ധമായ രോഗങ്ങൾക്ക് ആയുർവേദ മരുന്നുകളിൽ ശ്രേഷ്ഠമായ ചേരുവയാണ് ജാതിയ്ക്കയും ജാതിപത്രിയും. വിത്തിനെ സംരക്ഷിച്ച്, വലയം ചെയ്തിരിയ്ക്കുന്ന വസ്തുവാണ് ജാതിപത്രി. ബി.സി. ഒന്നാം ശതകം മുതൽതന്നെ 'ജാതിമരം' ഭാരതത്തിൽ സുലഭമായിരുന്നുവെന്നാണ് ചരിത്രപണ്ഡിതന്മാരും ആയുർവേദാചാര്യന്മാരും അവകാശപ്പെടുന്നത്.

അധികരിച്ച ഉപയോഗം കണക്കിലെടുത്ത് ആയുർവേദം ഇതിനെ അതിസാരോപഹര ഗണത്തിൽപ്പെടുത്തിയിരിയ്ക്കുന്നു.

കുടുംബം - മിരിസ്റ്റിക്കേസി

ശാസ്ത്രനാമം - മിരിസ്റ്റിക്ക ഫ്രാഗ്രൻസ്

സംസ്കൃതം - ജാതിഫലം, ജാതികോശാ

കഫ, വാതരോഗങ്ങൾ ശമിപ്പിയ്ക്കുന്നു. ദഹനശക്തി വർദ്ധിപ്പിയ്ക്കുന്നു. അതിസാരം, ആമാതിസാരം, ഉദരശൂല ഇവ ശമിപ്പിയ്ക്കുന്നു.

ജാതിയ്ക്ക ഉരച്ച് തേനിലോ, പച്ചവെള്ളത്തിൽ ചാലിച്ചോ മൂന്നുനേരം സേവിച്ചാൽ ദഹനക്കേട് വയറുവേദന തുടങ്ങിയ ഉദരസംബന്ധമായ അസുഖങ്ങൾ മാറും.

ജാതിയ്ക്കയും ഇന്തുപ്പുംകൂടി പൊടിച്ച് പല്ലുതേച്ചാൽ പല്ലുവേദനയും തൊണ്ണിൽനിന്നുള്ള രക്തം വരവും നിലയ്ക്കും.

വളരെ ദുർഗ്ഗന്ധമുള്ള വ്രണങ്ങളിൽ ജാതിക്കുരു പൊടിച്ച് വിതറിക്കൊടുക്കുന്നത് പ്രയോജനമായി അനുഭവപ്പെട്ടിട്ടുണ്ട്.

ജാതിക്ക ചുട്ട് തേനിലരച്ചു കൊടുത്താൽ വയറിളക്കം ഭേദമാകും. രുചിവർദ്ധനവിന് കേക്ക് തുടങ്ങിയ പലഹാരങ്ങളിലും മസാലകളിലും ചേർക്കാറുണ്ട്. ജനിച്ച ശിശുവിന് ദിവസങ്ങൾക്കുശേഷം 'ജാതിക്ക' 'മായാക്ക്' എന്നിവ അരച്ച് നാവിൽ തേച്ചുകൊടുത്താൽ വയറിനുമാത്രമല്ല, നാവിനും അസുഖമുണ്ടാകാതിരിയ്ക്കും. ജാതീഫലത്തിന്റെ മാംസളഭാഗം ഉപദംശമായി ഉപയോഗിക്കാറുണ്ട്. ഒരു ഉത്തേജക ഔഷധംകൂടിയാണ് ജാതിക്ക.

---

മഹാമഹേശ്വരാചാര്യശ്രീമദഭിനവഗുപ്തകൃതം

# പരമാർത്ഥസാരം (7)

(ശ്രീമദ്യോഗരാജകൃതവിവൃതിസഹിതം)

ദാമോദർ നാരായണൻ സി.എൻ.

ഗവേഷക വിദ്യാർത്ഥി, കർണ്ണാടക സംസ്കൃത യൂണിവേഴ്സിറ്റി, ബാംഗ്ലൂർ.

കഴിഞ്ഞലക്കം തുടർച്ച

ഏവമിദം സർവ്വമാഗമാനുഭവയുക്തിയുക്തം പ്രതിപാദ്യ യത് പ്രാക് ശക്ത്യണ്ഡചതുഷ്ടയം പ്രതിപാദിതം തദന്തരാളവർത്തി സമുത്പത്തിക്രമേണ ഷട്ത്രിംശത് തത്ത്വാത്മകം ജഗദ്യല്ലഗ്നം ഭാതി തത്പ്രഥമതഃ കാരണകാരണം പരമശിവരൂപം കാരികാദ്വയേനാഹ.

*10. ഭാരൂപം പരിപൂർണ്ണം സ്വാത്മനി വിശ്രാന്തിതോ മഹാനന്ദം.*
*ഇച്ഛാ സംവിത് കരണൈർനിർഭരിതമനന്തശക്തി പരിപൂർണ്ണം.*

*10. സർവ്വവികല്പവിഹീനം ശുദ്ധം ശാന്തം ലയോദയവിഹീനം.*
*യത്പരതത്ത്വം തസ്മിൻ വിഭാതി ഷട്ത്രിംശദാത്മജഗത്.*

സാരം

ഇപ്രകാരം (ഇക്കാണുന്ന പ്രപഞ്ചത്തെയും പ്രപഞ്ചാതീതനായ ശിവനെയും) ആഗമം, അനുഭവം, യുക്തി* എന്നിവയിലൂടെ പ്രതിപാദിച്ച ശേഷം യാതൊരു ചതുരണ്ഡങ്ങളെയാണോ വിവരിച്ചത്, അവയ്ക്കുള്ളിൽ ഉത്പത്തി ക്രമത്താൽ 36 തത്ത്വങ്ങളോട്ടുകൂടിയ ജഗത്ത് വിരാജിക്കുന്നു. ആ ജഗത്തിന്റെ കാരണഭൂതനായ പരമശിവനെ ഇനിയുള്ള രണ്ട് കാരികകളിലൂടെ വിശദീകരിക്കുന്നു.

10, 11. പ്രകാശരൂപത്തിലുള്ളതും പരിപൂർണ്ണമായതും, അവനവനിൽത്തന്നെ വിശ്രാന്തിയെ പ്രാപിക്കുന്നതായതും, ഇച്ഛാ ജ്ഞാന ക്രിയകളാൽ നിറഞ്ഞതും അന്തമില്ലാത്ത ശക്തിയോടുകൂടി പൂർണ്ണമായതും യാതൊരു വികല്പങ്ങളോടും കൂടാത്തതും ശുദ്ധവും ശാന്തവും ഉത്പത്തി, ലയം എന്നിവയില്ലാത്തതുമായ മഹാനന്ദമായ പരതത്ത്വത്തിൽ 36 തത്ത്വങ്ങളോട്ടുകൂടിയ ജഗത് വിരാജിക്കുന്നു.

## വിവൃതി

യത് ഏവം വിധം പരം പൂർണ്ണം ശിവതത്ത്വം തത്ര ശിവാദിധരാപര്യന്തം വക്ഷ്യമാണം വിശ്വം വിശ്രാന്തം സത് പ്രകാശതേ. തദഭിന്നമേവ ച കാസദ്യുക്ത്യോപപദ്യത ഇതി യാവത്. നനു തന്യതേ സർവ്വം തന്വാദി യത്ര തത്തത്ത്വം തനനാദ്വാ തദാ പ്രളയം തസ്യ ഭാവ ഇതി വാ തത്ത്വമിത്യേവമപി തത്ത്വവ്യപദേശോ/യം ജാഡ്യോപാദകഃ കഥം ചിദ്രൂപേ ഭഗവതി പരമശിവേ സ്യാദുച്യതേ. ഉപദേശ്യ ജനാപേക്ഷയാ യാവതാ ശബ്ദേന പ്രതിപാദ്യതാ തത്ര തത്ത്വവ്യപദേശോ ന വസ്തുതഃ. കീദൃശം തത്പരം തത്ത്വം. ഭാഃ പ്രകാശഃ രൂപം സ്വഭാവോ യസ്യ മഹാപ്ര

---

*ശാസ്ത്രത്തിൽ അന്ധമായ വിശ്വാസത്തെയല്ല ഇവിടെ കാണാൻ കഴിയുക. അനുഭവങ്ങളുടെ യുക്തിയുക്തമായ വിചാരത്തിന് പ്രാധാന്യം കല്പിക്കപ്പെട്ടിരിക്കുന്നു. ആഗമം, യുക്തി, അനുഭവം എന്നിവയുടെ സമഞ്ജസമാണ് ഇവിടെ അർത്ഥമാക്കിയിരിക്കുന്നത്. ശാസ്ത്രത്തിൽ പറഞ്ഞതിനെ യുക്തിയുക്തമായി മനസ്സിലാക്കി അത് അനുഭവത്തിൽ വരുന്നുണ്ടോ എന്നു പരിശോധിക്കണം. ആ അനുഭവത്തെ ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ തട്ടിച്ചുനോക്കി ശരിയാണോ എന്നും പരിശോധിക്കണം. ഭാരതീയ ചിന്ത അന്ധമായി ഒന്നിനെയും അംഗീകരിക്കാൻ പ്രേരിപ്പിച്ചിട്ടില്ല എന്നത് ഇവിടെ ഓർക്കേണ്ടതാണ്.

കാശവപുരിത്യർത്ഥഃ തഥാ പരിപൂർണ്ണം നിരാകാങ്ക്ഷം. നിരാകാങ്ക്ഷമപി സ്ഫടികമണി ദർപ്പണാദി ജഡം വസ്തു ഭവതീത്യാഹ. സ്വാത്മനി വിശ്രാന്തിതോ മഹാനന്ദം ഇതി. സ്വസ്മിൻ സ്വഭാവേ/ഖണ്ഡാഹന്താ ചമത്കാരരസേ വിശ്രമാന്മഹാനാനന്ദഃ പരാ നിവൃത്തിർയസ്യേതി. തദേവം പരമാഹ്ലാദകസ്ഫുരത്താ സാരത്ത്വാത് പ്രകാശ്യസ്ഫടികാദേർജഡാദ്വൈലക്ഷണ്യമുക്തം ഭവതി. അത ഏവാഹ. ഇച്ഛാസംവിത്കരണൈർനിർഭരിതം ഇതി. ഇച്ഛാ ജ്ഞാനക്രിയാശക്തി സ്വഭാവമേവ ന പുനഃ ശാന്തബ്രഹ്മവാദിനാമിവ ശക്തിവിരഹിതം ജഡകല്പം. അന്യച അനന്തശക്തി പരിപൂർണ്ണം ഇതി. അനന്താഃ നിഃസ്സംഖ്യാ ഘടപടാദ്യാഃ നാമരൂപാത്മികാഃ ശക്തയഃ ഇച്ഛാജ്ഞാനക്രിയാ ശക്തീനാം പല്ലവ ഭൂതാഃ ബ്രാഹ്മ്യാദ്യാഃ ശക്തയഃ ശബ്ദരാശിസമുത്ഥാസ്താഭിഃ പരിതഃ സമന്താത് പൂർണ്ണം വ്യാപ്തം തത ഏവോല്ലസന്ത്യ സ്തത്രൈവ ശാമ്യന്തീതി. ഏവം പരാവാഗ്രൂപം സ്വാതന്ത്ര്യമുക്തം സ്യാത്. നനു വാഗ്രൂപം ചേത് പരം തത്ത്വം തർഹി കാല്പനികം. ശബ്ദസംഭിന്നത്വാത് കഥം ശുദ്ധപ്രകാശവപുഷി കല്പനായോഗ ഇത്യാശയേനാഹ. സർവ്വവികല്പവിഹീനം ഇതി. പരപ്രമാതരി യോ/യം പരാഹന്താ ചമത്കാരഃ സ വാഗ്രൂപോടപി നിർവ്വികല്പഃ. വികല്പോ ഹ്യാന്യപോഹലക്ഷണോ ദ്വയം ഘടാഘടരൂപമാക്ഷിപന്ന ഘടാദ് വ്യവച്ഛിന്നം ഘടം നിശ്ചിനോതി. പ്രകാശസ്യ പുനഃ പരാഹന്താചമത്കാരസാരസ്യാപി നാ പ്രാകശരൂപഃ പ്രകാശാദന്യഃ പ്രതിപക്ഷതയാ വിദ്യതേ. യദ്വ്യവച്ഛേദാത്തസ്യ വികല്പരൂപതാ സ്യാത്. വ്യവച്ഛേദ്യോ ഹ്യർത്ഥോ/പ്രകാശാത്മ പ്രകാശവപുഷി പ്രകാശതേ ചേത്തർഹി.

തത്സംവേദനരൂപേണ താദാത്മ്യ പ്രതിപത്തിതഃ

ഇത്യാദിന്യായേന യോ/പ്യർത്ഥഃ പ്രകാശസ്വഭാവതാം യാതഃ സൻ സ കഥം സ്വാത്മനസ്തസ്യൈവവ്യച്ഛേദകഃ സ്യാദ്യേന വികല്പരൂപതാം തത്ര സമാവഹേത്. അഥ പ്രതിപക്ഷതയാ ന പ്രകാശത ഇതി. കഥമിഹാ പ്രകാശമാനഃ പദാർത്ഥഃ പ്രതിപക്ഷരൂപോ/സ്തീതി പരിച്ഛേത്തുമപി ശക്യേതേതി യത് കിഞ്ചിദേതത് സ്യാത്. യതഃ സർവ്വൈഃ വ്യവച്ഛേദാത്മകൈഃ വികല്പൈർവ്വിഹീനം അപരിച്ഛിന്നസ്വഭാവം പരം തത്ത്വം. അത ഏവാഹ. ശുദ്ധം ഇതി വിമലം വികല്പമയ്യാ അശുദ്ധിമഷ്യാ അഭാവാത്. തഥാ ശാന്തം ഇതി. ഗ്രാഹ്യഗ്രാഹകസമത്ഥക്ഷോഭാവാച്ഛക്തിസാമരസ്യേന സ്വസ്വരൂപസ്ഥം ന പുനരശ്മശകലകല്പം. അന്യച്ച ലയോദയവിഹീനം ഇതി.

സകൃദ്വിഭാതോऽയമാത്മാ

ഇതി കൃത്വാ സനാതന ഏവ. അതോഭൂതഭവിഷ്യദ്വർത്തമാനവപുഃ കാലസ്തത്ര ന ക്രമതേ യതഃ കാലസ്യ തത ഏവ സമുല്ലാസ ഇതി സമുത്പത്തി വിനാശബഹിഷ്കൃതേ പരതത്ത്വേऽഭ്യുപഗതേ വിശ്വസ്യ വിശ്വത്വമുപപന്നമിതി പ്രതിപാദിതം സ്യാത്.

## പരിഭാഷ

ഇപ്രകാരം പൂർണ്ണമായ ശിവതത്ത്വത്തിൽ ശിവതത്ത്വം മുതൽ പൃഥ്വീതത്ത്വംവരെയുള്ള ജഗത്ത് വിശ്രാന്തമായി പ്രകാശിക്കുന്നു. എന്നുവച്ചാൽ ശിവനിൽനിന്നും ഭിന്നമല്ലാതെയാണ് ഈ പ്രപഞ്ചം സ്ഥിതിചെയ്യുന്നതെന്ന് യുക്തിപരമായി സ്ഥാപിതമായി. ശരീരം തുടങ്ങിയ വസ്തുക്കളെ ഏതിലാണോ വിസ്തരിക്കുന്നത് അത് തത്ത്വം. പ്രളയംവരെ തനനം ചെയ്യുന്നത് (വിസ്തരിക്കുന്നത്) തത്, അതിന്റെ ഭാവം തത്ത്വം. ഇപ്രാകരത്തിലുള്ള തത്ത്വത്തിന്റെ അർത്ഥം അതിന്റെ ജാഡ്യത്തിനു കാരണമാണെങ്കിൽ ചിദ്രൂപമായ പരമശിവനെ തത്ത്വം എന്ന് എങ്ങനെ വിളിക്കാനാകും? എന്നു ചോദിച്ചാൽ ആ ശബ്ദം ഉപദേശ്യരായ ജനങ്ങൾക്കുവേണ്ടിമാത്രം പ്രയോഗിച്ചിരിക്കുന്നതാണ്. പരമശിവനെ ഉദ്ദേശിച്ചല്ല എന്നർത്ഥം. ആ പരമതത്ത്വം എപ്രകാരത്തിലുള്ളതാണ്? പ്രകാശം എന്നത് സ്വഭാവമായിട്ടുള്ളത്. മഹാപ്രകാശസ്വരൂപം എന്നർത്ഥം. ഉത്പത്തി മുതൽ പ്രളയംവരെ വിസ്തരിക്കപ്പെടുന്നത് എന്നതാണ് ഇവിടെ തത്ത്വമെന്ന പദത്തിനർത്ഥം. അങ്ങനെയുള്ള ജഗത്ത് ഉത്പത്തിവിനാശങ്ങൾക്കതീതമായ ശിവതത്ത്വമാകുന്നതെങ്ങനെയെന്നാണ് പൂർവ്വപക്ഷത്തിന്റെ പ്രശ്നം. പരിപൂർണ്ണം എന്നുവച്ചാൽ നിരാകാങ്ക്ഷം. (ആകാംക്ഷ എന്നാൽ പൂർണ്ണമാവാനുള്ള ത്വര. അതില്ലാത്തത് പൂർണ്ണമായതുകൊണ്ട്) സ്ഫടികമണി, ദർപ്പണം ഇവയും നിരാകാങ്ക്ഷമാണെങ്കിലും ജഡമാകുന്നു. പരമതത്ത്വത്തെ അവനവനിൽത്തന്നെ വിശ്രാന്തമായതിനാൽ മഹാനന്ദം എന്നു പറയപ്പെടുന്നു. തന്റെ സ്വഭാവത്തിൽത്തന്നെ, എന്നുവച്ചാൽ തന്റെതന്നെ അഖണ്ഡമായ അഹന്താചമത്കാരരസത്തിൽ വിശ്രമിക്കുന്നതിനാൽ അതിന് മഹാനന്ദം അഥവാ പരമനിർവൃതി അനുഭൂതമാകുന്നു. ഇപ്രകാരം പരമാനന്ദത്തിന്റെ സ്ഫുരണ സാരംകൊണ്ട് പ്രകാശ്യങ്ങളായ ജഡങ്ങളായ സ്ഫടികാദികൾ വ്യത്യാസപ്പെട്ടിരിക്കുന്നു. അതിനാൽ ഈ പരമതത്ത്വത്തെ ഇച്ഛാജ്ഞാനക്രിയകളെക്കൊണ്ട് കൂടിയത് എന്നു പറ

ഞ്ഞിരിക്കുന്നു. ഇത് ശാന്തബ്രഹ്മവാദികളുടേതുപോലെ ശക്തിഹീനമായ തും ജഡവുമല്ല. ഇത് അനന്തശക്തി പരിപൂർണ്ണമാണ്. അനന്തമെന്നാൽ അസംഖ്യമായ ഘടപദാദി നാമരൂപങ്ങളോടുകൂടിയ, ഇച്ഛാ ജ്ഞാനക്രി യാശക്തിയിൽനിന്നും ഉൽഭൂതമായ ബ്രാഹ്മ്യാദിശക്തികളാകുന്നവയും ശബ്ദരാശികളിൽനിന്നും ഉണ്ടായതായ ശക്തികളോടുംകൂടി എല്ലായ്പ്പോ ഴും പരിപൂർണ്ണനാണ്. ഈ ശക്തികൾ ശിവനിൽനിന്നുതന്നെ ഉണ്ടായി ശിവനിൽത്തന്നെ വിലീനമാകുന്നു. ഇപ്രകാരം ശിവന്റെ പരാവാഗ്രൂപം സ്വാതന്ത്ര്യത്തോടുകൂടിയതാകുന്നു. പരമതത്ത്വം അപ്രകാരം വാഗ്രൂപമാ ണെങ്കിൽ ശബ്ദത്തോട് സംബന്ധമുള്ളതിനാൽ കാല്പനികമാകുന്നു. അ പ്പോൾ ശുദ്ധമായ പ്രകാശരൂപം എങ്ങനെ കല്പനക്ക് അധീനമാകുന്നു എ ന്ന ചോദ്യം വരുന്നു. അതിനുത്തരമായി പരമതത്ത്വം ഒരു വികല്പങ്ങളും ഇല്ലാത്തതാണെന്നു പറയുന്നു. പരപ്രമാതാവിൽ പരാഹന്താ ചമത്കാരം വാഗ്രൂപത്തോടുകൂടിയതായാലും നിർവ്വികല്പമാകുന്നു. വികല്പത്തിന്റെ സ്വ രൂപം മറ്റൊന്നിനെ അപേക്ഷിച്ച് ഒന്നിനെ തെരഞ്ഞെടുക്കലാകുന്നു. ഘ ടമായതും ഘടമല്ലാത്തതും തിരിച്ചറിഞ്ഞ് ഘടത്തെ ഘടമല്ലാത്തതിൽനി ന്നും വേർതിരിച്ചെടുക്കുന്നു. എന്നാൽ പ്രകാശരൂപമായതിനാൽ വേറെ അപ്രകാശരൂപമായ ഒന്നിന് അസ്തിത്വമില്ലാത്തതിനാൽ അപ്രകാശമാ യത് ആ പരമപ്രകാശത്തിൽത്തന്നെ നിലകൊള്ളുന്നു.

'ആ വേദ്യമായ വസ്തുവിന്റെ ജ്ഞാനമാകുന്ന സ്വരൂപം കാരണം ഉ ണ്ടാകുന്ന താദാത്മ്യബോധംകൊണ്ട് ... (സ്പന്ദകാരിക 3/9) എന്ന ന്യാ യംകൊണ്ട് യാതൊരു വസ്തുവാണോ പ്രകാശസ്വരൂപത്തോടുകൂടിയതാ കുന്നത് അത് അതിന്റെതന്നെ വ്യവച്ഛേദകമാകുന്നതെങ്ങനെയാണ്? അ ങ്ങനെ ആയാൽ മാത്രമാണ് അത് പരതത്ത്വത്തിൽ വികല്പത്തെ കൊ ണ്ടുവരുന്നത്. ഇനി, പ്രതിപക്ഷരൂപത്തിൽ അത് പ്രകാശിതമാകുന്നുവെ ങ്കിൽ, പ്രകാശത്തിൽനിന്നും അഭിന്നമായത് പ്രതിപക്ഷരൂപത്തിൽ നി ലനില്ക്കുന്നുവെന്ന് എങ്ങനെ പറയാൻ കഴിയും? (പ്രതിപക്ഷവും പക്ഷവും പ്രകാശത്തിൽത്തന്നെയാണ് നിലകൊള്ളുന്നത് എന്നതുകൊണ്ട്). എ ന്തുകൊണ്ടെന്നാൽ പരമാത്മാവ് എല്ലാ വ്യവച്ഛേദാത്മകങ്ങളായ വികല്പ ങ്ങളിൽനിന്നും വിഹീനനായ അപരിച്ഛിന്നസ്വഭാവത്തോടുകൂടിയതാണ്. അതുകൊണ്ടുതന്നെ അത് ശുദ്ധവുമാണ്. ശുദ്ധമാകുന്നതിനുള്ള കാരണം വികല്പമായ ബുദ്ധിയാകുന്ന മഷി പുരളാത്തതിനാലാണ്. അതേസമയം ആ പരമതത്ത്വം ശാന്തവുമാണ്. അറിയുന്നയാൾ അറിയപ്പെടുന്നത് എ

ന്നിങ്ങനെയുള്ള ദ്വന്ദ്വത്തിൽനിന്നുമുണ്ടാകുന്ന ക്ഷോഭത്തിന്റെ അഭാവംമൂലം ശക്തിസാമരസ്യത്താൽ പരമതത്ത്വസ്വരൂപത്തിൽ സ്ഥിരനായി ഇരിക്കുന്നു. അതുപോലെത്തന്നെ അത് ശിലാഖണ്ഡംപോലെ ജഡവുമല്ല. ലയം ഉദയം എന്നിങ്ങനെയുള്ള അവസ്ഥകളും ഇതിനില്ല.

ഈ ആത്മാവ് എല്ലായ്പ്പോഴും ഉദിച്ചിരിക്കുന്നു (ശ്രുതി). ഇപ്രകാരം ഇത് സനാതനം തന്നെയാണ്. അതിനാൽത്തന്നെ ഭൂതം, ഭാവി, വർത്തമാനം എന്നീ കാലങ്ങൾ പരതത്ത്വത്തിലില്ല. കാരണം കാലം ഉദയം ചെയ്യുന്നതുതന്നെ ഇതിലാണ്. ഇപ്രകാരം ഉത്പത്തി, വിനാശം എന്നിവ യാതൊരു തരത്തിലും ബാധിക്കാത്ത പരതത്ത്വത്തെ അറിഞ്ഞുകൊണ്ടു മാത്രമേ അതിൽനിന്നും യാതൊരു തരത്തിലും ഭിന്നമല്ലാത്ത വിശ്വത്തിന്റെ വിശ്വത്വം ഉത്പന്നമായതിനെ അറിയാൻ സാധിക്കൂ.

(തുടരും)

---

ശ്രീ ഉത്പലദേവാചാര്യൻ രചിച്ച

# ശിവസ്തോത്രാവലി (8)

(ക്ഷേമരാജ ഭാഷ്യസഹിതം)

മുരളീകൃഷ്ണൻ എം.വി.

ഗവേഷക വിദ്യാർത്ഥി, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി.

(കഴിഞ്ഞലക്കം തുടർച്ച)

ശ്ലോകം 22

*മാദൃശൈഃ കിം ന ചർവ്യേത ഭവദ്ഭക്തിമഹൗഷധിഃ*
*താദൃശീ ഭഗവന്യസ്യാ മോക്ഷാഖ്യോനന്തരോ രസഃ*

സാരം - അല്ലയോ ഭഗവാൻ! എന്നെപോലെയുള്ള (ഭക്തിതത്ത്വം മനസ്സിലാക്കിയ ഭക്തർ, അങ്ങയുടെ ഭക്തിയാകുന്ന മഹാ ഔഷധി എങ്ങനെയാണ് ചവയ്ക്കാതിരിക്കുന്നത് (ആസ്വദിക്കാതിരിക്കുന്നത്). ആ ഭക്തിരസ ആസ്വാദനത്തിന്റെ അനന്തരം മോക്ഷരസം അവർക്ക് പ്രാപ്തമാകുന്നു.

വ്യാഖ്യാനം - മാദൃശൈഃ - ഭക്തിതത്വജ്ഞൈഃ, താദൃശീ ഇതി -

അലൗകികീ ഭവദ്ഭക്തിരേവ അഭീഷ്ടപ്രദത്വാന്മഹൗഷധീഃ, കിം ന ചർവ്യേത - കിം ന ഘ്രാര്യേത - വിചാരേണാസ്വാദ്യേത ഇതി യാവത്. കീദൃശീ? യസ്യാശ്ചർവ്വണപരാമർശാനന്തരമേവ ജീവന്മുക്താഖ്യഃ അനന്തരഃ - അവ്യവഹിതോ, രസഃ - ചർവണാനന്ദഃ.

പരിഭാഷ - ഭവദ്ഭക്തി തന്നെയാണ് അഭീഷ്ടസിദ്ധിയാകുന്ന മഹൗഷധി. അത് എപ്രകാരമാണ് ആസ്വാദ്യവേദ്യമല്ലാത്തത്. ആ മഹൗഷധി വിചാരത്താൽതന്നെ ആസ്വാദ്യവേദ്യമാകുന്നു. എപ്രകാരം? ഭക്തിയാകുന്ന ചർവ്വണ പരാമർശത്തിന്റെ അനന്തരം തന്നെ ജീവന്മുക്തിയാകുന്ന ചർവ്വണാനന്ദം ലഭിക്കുന്നു.

ശ്ലോകം 23

*താ ഏവ പരമർത്ഥ്യന്തെ സമ്പദഃ സദ്ഭിരീശ യാഃ*
*ത്വദ്ഭക്തിരസസംഭോഗവിസ്രംഭപരിപോഷികാഃ*

സാരം - അല്ലയോ സ്വാമി സത്തുക്കൾ (ഭക്തിശാലികൾ) അവർ അങ്ങയോടുള്ള ഭക്തിയാകുന്ന രസാനന്ദത്തിന്റെ കൂടുതൽ വിശ്വാസത്തെ പരിപോഷിപ്പിക്കുന്ന യാതൊരു സമ്പത്തുണ്ടോ, അതാണ് അവർ അങ്ങയോട് ആവശ്യപ്പെടുന്നത്.

വ്യാഖ്യാനം - സദ്ഭിഃ - ഭക്തിശാലിഭിഃ, താ ഏവേതി - അസമത്വത്സമാവേശമയ്യഃ, സംപദഃ പരം - കേവലം അർത്ഥ്യന്തെ ന തു അണിമാദ്യാഃ. കീദൃശ്യഃ? യാഃ ത്വദ്ഭക്തിരസസംഭോഗെ - ഭവത്സമാവേശാമൃതചമത്കാരെ വിസ്രംഭം - സ്വൈരം സ്വീകാരം പുഷ്ണന്തി. അത്ര ച പ്രിയാസംഭോഗപോഷികാ ഏവ സർവ്വസ്യ സംപദോർത്ഥനീയഃ ഇത്യന്തരണവ്യംഗ്യോപമാധ്വനിഃ.

പരിഭാഷ - ഭക്തിശാലികൾ നിന്നിലുള്ള സമാവേശമാണ് സമ്പത്തായി അർത്ഥിക്കുന്നത്. അല്ലാതെ അണിമാദി ഐശ്വര്യങ്ങളെ അല്ല. എപ്രകാരമുള്ളത്? എന്താണോ നിന്നിലുള്ള സമാവേശ ചമത്കാരാമൃതത്തിൽ വിശ്വാസത്തെ പോഷിപ്പിക്കുന്നത്, അതാണ് അവർ അർത്ഥിക്കുന്നത്. സാധാരണ എല്ലാവരും ഭാര്യാസംഭോഗരസത്തെ പോഷിപ്പിക്കുന്നതെന്താണോ അതാണ് സമ്പത്തായി അർത്ഥിക്കുന്നത്. എന്നാൽ അങ്ങയുടെ ഭക്തർ അങ്ങയിലുള്ള സമാവേശത്തിൽ അധികമായ വിശ്വാസത്തെ പോഷിപ്പിക്കുന്നതെന്താണോ അതാണ് സമ്പത്തായി അർത്ഥിക്കുന്നത്.

ശ്ലോകം 24

*ഭവദ്ഭക്തിസുധാസാരസ്തൈഃ കിമപ്യുപലക്ഷിതഃ*
*യേ ന രാഗാദിപങ്കേസ്മിംല്ലിപ്യന്തെ പതിതാ അപി.*

സാരം - അല്ലയോ പ്രഭോ അങ്ങയുടെ ഭക്ത്യമൃതത്തിന്റെ ധാരയായ വർഷം അവർ (ഭക്തർ) ലോകോത്തരരൂപമായി തന്നെ അനുഭവിച്ചവരാണ്. അങ്ങനെയുള്ള അവർ രാഗാദികളായ ചളിക്കുണ്ടിൽ വീണാൽപോലും അതിൽ പുരളാതെയിരിക്കുന്നു.

വ്യാഖ്യാനം - ത്വദ്ഭക്തിസുധായാ ആസാരഃ - വേഗവദ്വർഷം, തൈഃ - ഭക്തൈഃ, കിമപി - ലോകോത്തരതയാ, ഉപ-സമീപേ, ലക്ഷിതഃ - പരിശീലിതഃ. യേ ഭക്താ വ്യുത്ഥാനേ - ശരീരവ്യവഹാരനാന്തരീയകത്വേന ായാതെ രാഗദ്വേഷാദികർദമേ പതിതാ അപി ന ലിപ്യന്തേ - ന തന്മയീ ഭവന്തി. കർദമേ പതിതാ ന ലിപ്യന്തെ ഇത്യാശ്ചര്യം.

പരിഭാഷ - അങ്ങയുടെ ഭക്ത്യമൃതത്തിന്റെ വേഗത്തിലുള്ള വർഷം അവർ (ഭക്തർ) ലോകോത്തരമായിത്തന്നെ ശീലമായതാണ് (അനുഭവിച്ചതാണ്). ആ ഭക്തർ ശരീരവ്യവഹാരത്തിലിരിക്കുമ്പോൾ (ജീവിച്ചിരിക്കുമ്പോൾ) വന്നുചേരുന്ന രാഗദ്വേഷാദികളായ ചളിയിൽ വീണാൽപോലും അതിൽ തന്മയീഭവിക്കുന്നില്ല (പുരളുന്നില്ല). ചളിയിൽ വീണിട്ടും പുരളുന്നില്ല എന്നത് ആശ്ചര്യം.

ശ്ലോകം 25

*അണിമാദിഷു മോക്ഷാന്തേഷ്വംഗേഷ്വേവ ഫലാഭിധാ*
*ഭവദ്ഭക്തേർവിപക്വായാ ലതായാ ഇവ കേഷുചിത്*

സാരം - അല്ലയോ പ്രഭോ! അണിമാദി സിദ്ധി മുതൽ മോക്ഷാന്തം വരെയുള്ളവയ്ക്ക് എന്തൊക്കെയാണോ ഫലമായിട്ടു പറയുന്നത്, അത് പക്വമായ നീയാകുന്ന ഭക്തിരൂപിയായ ലതയുടെതന്നെ അംഗങ്ങളിൽതന്നെ ഉള്ളവയാണ്. അതായത് എല്ലാ ഫലങ്ങളും നീയാകുന്ന ഭക്തിലതയുടെ തന്നെ ചില അംഗങ്ങളാണ്.

വ്യാഖ്യാനം - അണിമാദിഷു മോക്ഷാന്തേഷു സ്ഥൂല പരസിദ്ധിമയേഷു വസ്തുഷു, യാ ഫലാഭിധാ-ഫലത്വേനോക്തിഃ, സാ പരിപാകം പ്രാപ്തായാഃ ഭവദ്ഭക്തെരേവ അംഗഭൂതേഷു സത്സു തേഷു, ഭക്തിർഹി രുദ്രശക്തിസമാവേശാത്മാ സമസ്തസമ്പന്മയ്യേവ, ന തു തദ്വ്യതിരിക്താനി ഫലാനി

കാനിചിത്സന്തി. യഥാ വിപക്വലതാവിച്ഛിന്നാനി ന ഫലാനി കാനിചിദ് - ആമ്രാദിനി ഭവന്തി - തേഷാം തദംഗത്വാത്.

പരിഭാഷ - അണിമാദി മുതൽ മോക്ഷം വരെയുള്ള (സ്ഥൂലം തുടങ്ങി പരസിദ്ധി) വസ്തുക്കളിൽ എന്താണോ ഫലമായി പറയുന്നത്, അവ പരിപാകം വന്ന അങ്ങയുടെ ഭക്തിയുടെതന്നെ അംഗമായി വരുന്നു. ഭക്തിയാകട്ടെ രുദ്രശക്തിസമാവേശരൂപത്തോടുകൂടിയാലും എല്ലാ സമ്പത്തുക്കളും ഭക്തിയിൽ അടങ്ങിയിരിക്കുന്നു. ഇതിൽ (ഭക്തിയിൽ) ഉൾപ്പെടാത്ത വ്യത്യസ്തമായ ഫലങ്ങൾ ഇല്ല. എല്ലാം ഇതിൽതന്നെ ഉണ്ട്. എപ്രകാരമാണോ പരിപാകമായ ലതകളിൽനിന്നു വീഴുന്ന പഴങ്ങൾ വേറെ മാങ്ങകളല്ലാത്തത്. അവ വീണുകഴിഞ്ഞാലും ആ ലതയുടെതന്നെ അംഗമാണ്.

ശ്ലോകം 26

*ചിത്രം നിസർഗതോ നാഥ ദുഃഖബീജമിദം മനഃ*
*ത്വദ്ഭക്തിരസസംസിക്തം നിഃശ്രേയസമഹാഫലം*

സാരം - അല്ലയോ നാഥ! ഈ മനസ്സ് സ്വാഭാവികമായിതന്നെ ദുഃഖത്തിനു കാരണമായിട്ടുള്ളതാണ്. ഇതൊരു ആശ്ചര്യമാണ്. എന്തെന്നാൽ അങ്ങനെയുള്ള ഈ മനസ്സ് നീയാകുന്ന ഭക്തിരസത്തിൽ നനഞ്ഞുകുളിച്ചാൽ പരമാനന്ദരൂപമായ മോക്ഷമാകുന്ന ഫലത്തെ തരുന്നവളാണ്.

വ്യാഖ്യാനം - ഹേ നാഥ - സ്വാമിൻ! ഇദം ചിത്രം, ദുഃഖകാരണമിദം മനഃ സർവ്വസ്യ ഹേയം യദഭിമതം, തദേവ ത്വദ്ഭക്തിരസായനേന സിക്തം പരമാനന്ദമയമോക്ഷമഹാഫലം. ന ഹി കദാചിത് ലോകം പ്രതി വിഷാദേഃ മധുര ആസ്വദഃ. അതസ്ത്വദ്ഭക്തേരേവായം അലൗകികഃ ക്രമഃ - ഇതി ധ്വനിത ഇതി ശിവം.

ഇതി ശ്രീമദീശ്വരപ്രത്യഭിജ്ഞാകാരാചാര്യചക്രവർത്തിവന്ദ്യാഭിധാനോത്പലദേവാചാര്യവിരചിതേ ഭക്തിവിലാസാഖ്യേ പ്രഥമസ്തോത്രേ മഹാമഹേശ്വരശ്രീക്ഷേമരാജവിരചിതാ വിവൃതിഃ.

പരിഭാഷ - അല്ലയോ സ്വാമിൻ! ഇത് ആശ്ചര്യമാണ്, എല്ലാവരിലും സ്വാഭാവികമായിതന്നെ ഈ മനസ്സ് ദുഃഖകാരണമാണ് എന്നു പറയുന്നു. എന്നാൽ നീയാകുന്ന ഭക്തിരസത്തിൽ മുങ്ങിക്കുളിച്ചാൽ ഈ മനസ്സ് പരമാനന്ദമായ മോക്ഷഫലത്തെ തരുന്നവളാകുന്നു. ഒരിക്കലും ജനങ്ങൾക്ക് വിഷാദം മധുരമുള്ള ആസ്വാദനമല്ല. അതുകൊണ്ടാണ് നിന്റെ ഭക്തിയിൽ മുങ്ങിക്കുളിച്ചാൽ പരമാനന്ദം ലഭിക്കുന്നു എന്നു പറയുന്നത്. ഇത് അലൗ

കിക ക്രമം എന്ന് പറയപ്പെട്ടിരിക്കുന്നു.

ശ്രീ ഈശ്വരപ്രത്യഭിജ്ഞാകാര ആചാര്യ ചക്രവർത്തി വന്ദ്യാഭിധാനായ ഉത്പലദേവാചാര്യൻ വിരചിച്ച ഭക്തിവിലാസത്തിലെ ശിവസ്തോത്രാവലിയിലെ പ്രഥമസ്തോത്രവും മഹാമഹേശ്വരശ്രീ ക്ഷേമരാജൻ രചിച്ച പ്രഥമസ്തോത്ര വിവൃതി.

(തുടരും)

---

ശ്രീമദപ്പയ്യദീക്ഷിതകൃതമായ

# ദുർഗ്ഗാചന്ദ്രകലാസ്തുതിഃ (4)

ദാമോദർ നാരായണൻ സി.എൻ.

ഗവേഷക വിദ്യാർത്ഥി, കർണ്ണാടക സംസ്കൃത യൂണിവേഴ്സിറ്റി, ബാംഗ്ലൂർ.

(കഴിഞ്ഞലക്കം തുടർച്ച)

8. *സൂക്തം യദീയമരവിന്ദഭവാദിദൃഷ്ട-*
*മാവർത്ത്യ ദേവ്യനുപദം സുരഥഃ സമാധിഃ*
*ദ്വാവപ്യവാപതുരഭീഷ്ടമനന്യ ലഭ്യം*
*താമാദിദേവതരുണീം പ്രണമാമി മൂർദ്ധ്നാ.*

അർത്ഥം : യദീയം സൂക്തം = യാതൊരുവളുടെ സൂക്തമാണോ, അരവിന്ദഭവാദിദൃഷ്ടഃ = ബ്രഹ്മാവു മുതലായവരാൽ ദൃഷ്ടമായതും, സുരഥഃ, സമാധിഃ ദ്വാവപി = സുരഥൻ, സമാധി ഇവർ രണ്ടുപേരും, ദേവ്യനുപദം ആവർത്ത്യ = ദേവിയുടെ നിർദ്ദേശപ്രകാരംതന്നെ അനുപദം ആവർത്തിച്ച് പാരായണം ചെയ്ത്, സൂക്തം = ദേവീസൂക്തം, അനന്യ അനന്യമായ (അതുപോലെ വേറൊന്നില്ലാത്ത) അനന്യലഭ്യം = വേറാരിൽനിന്നും ലഭ്യമല്ലാത്ത, അഭീഷ്ടം അവാപതുഃ = അഭീഷ്ടം ലഭ്യമായത്, താം ആദിദേവതരുണീം = അങ്ങനെയുള്ളവളായ ആദിദേവ കന്യകയെ, മൂർദ്ധ്നാ പ്രണമാമി = ഞാൻ ശിരസാ നമിക്കുന്നു.

സാരം : യാതൊരുവളുടെ ദേവീ സൂക്തമാണോ ബ്രഹ്മാവു മുതൽ സകലദേവന്മാരാലും ദൃഷ്ടമായതും, സുരഥ സമാധിമാർ നിരന്തരം ജപിച്ച് വേറാരിൽനിന്നും യാതൊരു കാരണവശാലും കിട്ടാൻ സാദ്ധ്യമല്ലാത്തതു

മായ അഭീഷ്ടങ്ങളെ പ്രാപിച്ചത് അങ്ങനെയുള്ളവളായ ആ ആദിദേവകന്യകയെ ഞാൻ ശിരസാ നമിയ്ക്കുന്നു.

9. *മാഹിഷ്മതീതനുഭവം ച രുരും ച ഹന്തും*
*ആവിഷ്കൃതൈർനിജരസാദവതാരഭേദൈഃ*
*അഷ്ടാദശാഹതനവാഹതകോടിസംഖ്യൈഃ*
*അംബാ സദാ സമഭിരക്ഷതു മാം വിപദ്ഭ്യഃ.*

അർത്ഥം : മാഹിഷ്മതീ തനു ഭവം = മാഹിഷ്മതിയുടെ ശരീരത്തിൽ നിന്നും ഉണ്ടായതും, രുരും ച ഹന്തും = രുരു എന്ന അസുരനെ ഹനിക്കുന്നതിനായിട്ട്, അഷ്ടാദശാഹത നവാഹതകോടിസംഖ്യൈഃ = ഒൻപത് പതിനെട്ട് എന്നീ കോടിസംഖ്യകളാൽ, നിജരസാദവതാരഭേദൈഃ = സ്വ രസത്തിൽനിന്നും അവതാരഭേദങ്ങളായിത്തീർന്ന, ആവിഷ്കൃതൈഃ = ആവിഷ്കരിക്കപ്പെട്ട, അംബാ = ആ മാതാവ്, വിപദ്ഭ്യഃ സദാ മാം സമഭിരക്ഷതു = വിപത്തുക്കളിൽനിന്നും എന്നെ എല്ലായ്പ്പോഴും രക്ഷിക്കട്ടെ.

സാരം : രുരു എന്ന അസുരനെ വധിക്കുവാനായിട്ട് മാഹിഷ്മതിയുടെ ശരീരത്തിൽനിന്നും ഉത്ഭവിച്ചവളായതും, ഒൻപതുകോടി, പതിനെട്ടു കോടി സംഖ്യകളിലായി സ്വരസത്തിൽനിന്നും അവതാരഭേദങ്ങളെ സൃഷ്ടിച്ചവളായ ആ മാതാവ് എന്നെ എല്ലായ്പ്പോഴും വിപത്തുക്കളിൽനിന്നും രക്ഷിക്കട്ടെ.

വിവരണം : വരാഹപുരാണത്തിൽ പ്രതിപാദിച്ചിരിക്കുന്ന ഒരു ദേവിയാണ് മാഹിഷ്മതി. വിപ്രചിത്തൻ എന്ന രാജാവിന്റെ മകളായി ജനിച്ചവളാണ് ഈ ദേവി.

10. *ഏതച്ചരിത്രമഖിലം ലിഖിതം ഹി യസ്യാഃ*
*സംപൂജിതം സദന ഏവ നിവേശിതം വാ.*
*ദുർഗ്ഗം ച താരയതി ദുസ്തരമപ്യശേഷം*
*ശ്രേയഃ പ്രയച്ഛതി ച സർവ്വമുമാം ഭജേതാം.*

അർത്ഥം - ഏതച്ചരിത്രമഖിലം = ദേവിയുടെ ഈ എല്ലാ ചരിത്രങ്ങളും (പ്രഥമ മദ്ധ്യമ ഉത്തമ ചരിതങ്ങൾ) ലിഖിതം, സംപൂജിതം, സദന ഏവ നിവേശിതം വാ = എഴുതപ്പെട്ടതോ, പൂജിക്കപ്പെട്ടതോ, വീട്ടിൽ വെറുതെവച്ചതോ ആയിരുന്നാലും അത്, ദുർഗ്ഗം അശേഷം ദുസ്തരമപി ദുർഗ്ഗം താരയതി = എല്ലാത്തരത്തിലുള്ള ദുസ്തരമായ ബുദ്ധിമുട്ടുകളിൽനിന്നും രക്ഷിക്കുന്നു. ഉമാം ഭജേതാം ശ്രേയഃ പ്രയച്ഛതി ച = ഉമയെ ഭജിക്കുന്നവർ

ക്ക് സർവ്വവിധ ശ്രേയസ്സും കൈവരുന്നു.

സാരം - ദേവിയുടെ മൂന്നു ചരിതങ്ങളും, എഴുതിയിട്ടോ, പൂജിക്കപ്പെട്ടോ വെറുതെ വീട്ടിൽ വച്ചതോ ആയിരുന്നാലും അത് എല്ലാ തരത്തിലുള്ള ദുസ്തരമായ ബുദ്ധിമുട്ടുകളിൽനിന്നും രക്ഷിക്കുകയും ഉമയെ ഭജിക്കുന്നവർക്ക് സർവ്വവിധ ശ്രേയസ്സും കൈവരുത്തുകയും ചെയ്യുന്നു.

(തുടരും)

---

# കാശ്മീര ശൈവസമ്പ്രദായം (6)

## [പരമാദ്വയവാദം] : ഒരാമുഖം

ഡോ. അജിതൻ പി.ഐ.

(കഴിഞ്ഞലക്കം തുടർച്ച)

### അഭിനവഗുപ്തൻ

മഹാസിദ്ധൻ, മഹാപണ്ഡിതൻ, സാഹിത്യനിപുണൻ, ദാർശനികൻ, ഭാരതീയ സൗന്ദര്യദർശനത്തിന് പുതിയൊരു ദിശാബോധം നല്കിയ ആൾ, വ്യാഖ്യാതാവ്, സംഗീതനാടകാദി വിദ്വാൻ തുടങ്ങിയവയെല്ലാമായിരുന്നു 10-ാം നൂറ്റാണ്ടിനും 11-ാം നൂറ്റാണ്ടിനും ഇടയിൽ കാശ്മീരദേശത്ത് ജീവിച്ചിരുന്ന അഭിനവഗുപ്തൻ. ഇദ്ദേഹത്തെ പിൻഗാമികൾ സാക്ഷാൽ ശിവന്റെ അവതാരമായും ആദിശേഷന്റെ അവതാരമായുമെല്ലാമാണ് കണക്കാക്കിയിരുന്നത്. അക്കാലത്ത് പ്രചാരത്തിലുണ്ടായിരുന്ന സാഹിത്യാദി സമസ്തവിദ്യകളിലും നിപുണനായിരുന്നു എന്നതിന് ഉപോൽബലകമാണ് അദ്ദേഹത്തിന്റെ അമ്പതിൽപരം കൃതികൾ. അഭിനവഗുപ്തനെക്കുറിച്ച് വന്ന പഠനങ്ങളിൽ രണ്ടെണ്ണം എടുത്തു പരാമർശിക്കേണ്ടതുണ്ട്. 1963-ൽ കെ.സി. പാണ്ഡെയാൽ എഴുതപ്പെട്ട Abinavagupta : An Historical and Philosophical Studyയും വി. രാഘവനാൽ എഴുതപ്പെട്ട Abhinavagupta and His works എന്ന കൃതിയുമാണ്. പിന്നീട് നവജീവൻ രസ്തോഗി തുടങ്ങിയവർ അഭിനവഗുപ്തനെക്കുറിച്ചുള്ള പഠനമേഖലയിൽ കാര്യമായ സംഭാവനകൾ നല്കിയിട്ടുണ്ടെങ്കിലും മുൻപറഞ്ഞ രണ്ടു പേരുകൾ ഒരിക്കലും വിസ്മരിക്കാവുന്നതല്ല.

## ജനനം

കാശ്മീരവാസിയായ കല്ഹണന്റെ ചരിത്രകാവ്യമായ രാജതരംഗിണിയനുസരിച്ച് അഭിനവഗുപ്തന്റെ പൂർവ്വീകർ കാശ്മീരവാസികളായിരുന്നില്ലത്രേ. അവിടുത്തെ രാജാവായ യശോവർമ്മന്റെ അഭ്യർത്ഥനയനുസരിച്ച് കാശ്മീരിലേയ്ക്ക് മാറി പാർത്തവരാണ് അഭിനവഗുപ്തന്റെ പിതൃപിതാമഹന്മാർ. രാജാവിന്റെ ക്ഷണം സ്വീകരിച്ച് വന്നവരായതിനാൽ രാജകീയമായ എല്ലാ സൗകര്യങ്ങളും പരിരക്ഷയും അവർക്കുണ്ടായിരുന്നു. അഭിനവഗുപ്തന്റെ ചില പൂർവ്വീകരെക്കുറിച്ചുള്ള അറിവുകളേ ലഭ്യമായിട്ടുള്ളു. അതനുസരിച്ച് അത്രിഗുപ്തൻ-വരാഹഗുപ്തൻ-ചുക്കലൻ/ചുക്കലകൻ/നൃസിംഹഗുപ്തൻ (അഭിനവഗുപ്തന്റെ പിതാവ്)-അഭിനവഗുപ്തൻ ഇതാണ് വംശാവലി. മറ്റു പല ആചാര്യന്മാരിൽനിന്നും വ്യത്യസ്തമായി അഭിനവഗുപ്തൻ തന്നെക്കുറിച്ചും തന്റെ സഹോദരൻ, ചില ബന്ധുക്കൾ തുടങ്ങിയവരെക്കുറിച്ചുമെല്ലാം അവിടവിടെയായി ചില വിവരങ്ങൾ നല്കുന്നുണ്ട്. അതുകൊണ്ടുതന്നെ അഭിനവഗുപ്തനെക്കുറിച്ച് പല വ്യത്യസ്തമായ നിലപാടുകൾ പണ്ഡിതന്മാർക്കിടയിലില്ല എന്നത് ഒരു ശ്രദ്ധേയമായ വസ്തുതയാണ്.

അഭിനവഗുപ്തന്റെ ജനനത്തിനുമുമ്പ് കാശ്മീരദേശം പ്രബലമായ ഒരു ബൗദ്ധകേന്ദ്രമായിരുന്നു. ബൗദ്ധചിന്തകളും ദർശനങ്ങളും ഏറെ പ്രചാരത്തിലുണ്ടായിരുന്ന കാലം. എന്നാൽ മുഗളന്മാരുടെ വരവോടെ ബൗദ്ധരുടെ ശക്തി ക്ഷയിച്ചുതുടങ്ങി. എങ്കിലും പല താന്ത്രികസമ്പ്രദായങ്ങളും അക്കാലത്ത് വലിയ കോട്ടംതട്ടാതെ നിലനിന്നിരുന്നു. മാത്രവുമല്ല, ബൗദ്ധരുമായുള്ള സംവാദങ്ങളുടെ ഫലമായാണ് കാശ്മീരശൈവസമ്പ്രദായത്തിലെ പല തത്ത്വചിന്തകളും ക്രമവികാസം പ്രാപിച്ചത് എന്നും കാണാൻ കഴിയും. ഈയൊരു കാലയളവിലും സാഹചര്യത്തിലുമാണ് അഭിനവഗുപ്തന്റെ ജനനം.

അദ്ദേഹത്തിന്റെതന്നെ കൃതിയായ തന്ത്രാലോകം, തന്ത്രസാരം, പരാത്രീശികാവിവരണം തുടങ്ങിയ ഗ്രന്ഥങ്ങളിൽ തുടക്കംതന്നെ സ്വജനനത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. അതിങ്ങനെയാണ്.

*വിമലകലാശ്രയാഭിനവഗുപ്തമഹാജനനീ*
*ഭരിതതനുശ്ചപഞ്ചമുഖഗുപ്തരുചിർജനകഃ*
*തദുഭയയാമളസ്ഫുരിതഭാവവിസർഗ്ഗമയം*
*ഹൃദയമനുത്തരാമൃതകുലം മമ സംസ്ഫുരതാത്*

അച്ഛൻ നൃസിംഹഗുപ്തൻ, അമ്മ വിമലകല ഇവരുടെ ഒന്നായിച്ചേര

ലിലുണ്ടായ എനിക്ക് അനന്തരം (അഥവാ ത്രികസമ്പ്രദായം) സ്ഫുരിക്കട്ടെ എന്ന് ഭാവാർത്ഥം. ഇവിടെ അഭിനവഗുപ്തൻ യോഗിനീഭൂവാണെന്നുള്ള ഒരു പരാമർശവുമുണ്ട്. യോഗിനീഭൂവെന്നാൽ ശൈവാദ്വയസാധനാപന്ഥാവിൽ സഞ്ചരിക്കുന്ന ദമ്പതികൾക്ക് സാധനാവേളയിൽ ഉണ്ടാകുന്ന സന്തതിയെന്നാണർത്ഥം. ഇത് ഏറെ സവിശേഷമാണെന്ന് കരുതപ്പെടുന്നു. ഇങ്ങനെ ജനിക്കുന്നവർ ജന്മനാ പ്രതിഭാശാലികളും ശാസ്ത്രനിഷ്ണാതന്മാരുമായിരിക്കും എന്നാണ് വിശ്വാസം.

അഭിനവഗുപ്തൻ ജനിച്ച് അധികകാലമാവും മുൻപേ അമ്മ മരണപ്പെട്ടു. തുടർന്ന് ഏറെ പ്രിയപ്പെട്ടതായ അമ്മയോടുള്ള ഭക്ത്യാദരസൂചകമായിട്ടാണ് അഭിനവഗുപ്തൻ പിന്നീട് സന്ന്യാസതുല്യമായ ജീവിതം നയിച്ചതെന്ന് പറയപ്പെടുന്നു. അദ്ദേഹത്തിന്റെ പിതാവ് നൃസിംഹഗുപ്തൻ മഹാപണ്ഡിതനായിരുന്നു. അദ്ദേഹത്തിൽനിന്നാണ് ആദ്യകാലത്ത് അഭിനവഗുപ്തൻ പല വിദ്യകളും അഭ്യസിക്കുന്നത്.

## പഠനം

അഭിനവഗുപ്തന് ഒരുപാട് ഗുരുക്കന്മാരുണ്ടായിരുന്നു. പലരിൽനിന്നുമായി പല വിദ്യകളാണ് അഭ്യസിച്ചത്. ആദ്യം അദ്ദേഹം നിഷ്ണാതനാവുന്നത് കാശ്മീരക്രമസമ്പ്രദായത്തിലാണെന്നാണ് കെ.സി. പാണ്ഡെയുടെ അഭിപ്രായം. തുടർന്ന് പ്രത്യഭിജ്ഞാദർശനത്തിലും. പക്ഷേ ആദ്ധ്യാത്മികാനുഭൂതിയുടെ വാതായനങ്ങൾ അദ്ദേഹത്തിന് തുറന്നുകിട്ടുന്നത് ശംഭുനാഥനിൽനിന്നും കൗളസമ്പ്രദായത്തിൽ ദീക്ഷസ്വീകരിച്ചതിനുശേഷമാണെന്ന് അഭിനവഗുപ്തൻതന്നെ സ്വയം വെളിപ്പെടുത്തുന്നു. പലപ്പോഴും ഏറെ ബഹുമാനത്തോടെയാണ് അഭിനവഗുപ്തൻ ശംഭുനാഥനെ സ്മരിക്കുന്നത്.

## ഗുരുക്കന്മാർ

അഭിനവഗുപ്തന്റെ ഗുരുക്കന്മാരും അവരിൽനിന്നും അഭ്യസിച്ച വിദ്യകളും താഴെ കൊടുക്കുന്നു.

നരസിംഹഗുപ്തൻ .................. വ്യാകരണം
വാമനനാഥൻ .......................... ദ്വൈതതന്ത്രങ്ങൾ
ഭൂതിരാജൻ .............................. ബ്രഹ്മവിദ്യ, ക്രമം
ഭൂതിരാജതനയൻ ................. ദ്വൈതാദ്വൈതതന്ത്രങ്ങൾ
ലക്ഷ്മണഗുപ്തൻ ....................... ക്രമം, ത്രികം
ഭട്ടേന്ദുരാജൻ ........................... ധ്വനി
ഭട്ടതോതൻ ............................. നാട്യശാസ്ത്രം

## കൗളം

മത്സ്യേന്ദ്രനാഥനിൽ തുടങ്ങിയ ഗുരുപരമ്പര അഭിനവഗുപ്തൻവരെ ഇങ്ങനെയാണ് :

മത്സ്യേന്ദ്രനാഥൻ → സുമതി → സോമദേവൻ → ശംഭുനാഥൻ → അഭിനവഗുപ്തൻ.

## പ്രത്യഭിജ്ഞാ

പ്രത്യഭിജ്ഞാസമ്പ്രദായത്തിലെ ഗുരുപരമ്പര താഴെ കൊടുക്കുന്നു.

വസുഗുപ്തൻ → സോമാനന്ദൻ → ഉത്പലദേവൻ → അഭിനവഗുപ്തൻ → ക്ഷേമരാജൻ.

## ക്രമം

ക്രമസമ്പ്രദായപരമ്പര താഴെ കൊടുക്കുന്ന വിധമാണ് :

മാതുലനാഥൻ → ഗന്ധമാദനൻ →നിഷ്ക്രിയാനന്ദൻ → വിദ്യാനന്ദൻ ശക്ത്യാനന്ദൻ → ശിവാനന്ദൻ → കേയൂരവതി → ഗോവിന്ദരാജൻ → സോമാനന്ദൻ → ഉത്പലദേവൻ → ലക്ഷ്മണഗുപ്തൻ → അഭിനവഗുപ്തൻ

## ശിഷ്യന്മാർ/ബന്ധുക്കൾ

അഭിനവഗുപ്തന് ഒരുപാട് ഗുരുക്കന്മാരുണ്ടായിരുന്നതുപോലെ ഒരുപാട് ശിഷ്യന്മാരും ഉണ്ടായിരുന്നു. അതിൽ പലരും ബന്ധുക്കളുമായിരുന്നു. ഇവരുടെ എല്ലാവരുടേയും പേരുകൾ ഏറെ ആദരത്തോടെയും ബഹുമാനത്തോടെയുമാണ് അഭിനവഗുപ്തൻ പരാമർശിക്കുന്നത്. മാത്രവുമല്ല, അഭിനവഗുപ്തന്റെ പല ഗ്രന്ഥരചനകൾക്ക് പിറകിലും ശിഷ്യന്മാരാണെന്നും അഭിനവഗുപ്തൻ പ്രത്യേകം പരാമർശിക്കുന്നുണ്ട്. ഉദാഹരണത്തിന് ലോടകൻ എന്ന ശിഷ്യന്റെ അഭ്യർത്ഥന മാനിച്ചാണ് ഭഗവദ്ഗീതയ്ക്ക് ഗീതാർത്ഥസംഗ്രഹമെന്ന വ്യാഖ്യാനം അഭിനവഗുപ്തൻ രചിക്കുന്നത്. അതുപോലെ കർണ്ണൻ, സഹോദരൻ കൂടിയായ മനോരഥൻ തുടങ്ങിയവരെയൊക്കെ തന്ത്രാലോകത്തിലും സ്മരിക്കുന്നുണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും ശിഷ്യന്മാർക്കിടയിൽ ഏറെ പ്രസിദ്ധൻ ക്ഷേമരാജനാണ്. ശ്രദ്ധേയമായ വസ്തുത തെക്കേ ഇന്ത്യക്കാരനായ മധുരാജയോഗി അഭിനവഗുപ്തനെ സ്തുതിച്ച് എഴുതിയ ഗുരുനാഥപരാമർശത്തിൽ പേരെടുത്തു പറയുന്നത് ക്ഷേമരാജന്റേതുമാത്രമാണ്. ക്ഷേമരാജൻ അത്രത്തോളം പ്രസിദ്ധനായിത്തീർന്നിരുന്നു അപ്പോഴേയ്ക്കും. മാത്രവുമല്ല, ക്ഷേമരാജൻ അഭിനവഗുപ്തന്റെ ബന്ധുകൂടിയാണ്. നേത്രതന്ത്രത്തിനുള്ള ഉദ്യോതം സ്വച്ഛന്ദതന്ത്രത്തിന്റെ ഉദ്യോതം, വ്യാഖ്യാനം, സ്തവചിന്താമണിക്കുള്ള

വൃത്തി, പ്രത്യഭിജ്ഞാഹൃദയം, ഉല്പലദേവന്റെ ശിവസ്തോത്രാവലിക്കുള്ള വൃത്തി, ശിവസൂത്രവിമർശിനീ, സ്പന്ദകാരികയ്ക്കുള്ള വ്യാഖ്യാനങ്ങളായ സ്പന്ദസന്ദോഹം, സ്പന്ദനിർണ്ണയം എന്നിവയൊക്കെയാണ് ക്ഷേമരാജന്റെ കൃതികൾ.

മുൻപ് സൂചിപ്പിച്ച മധുരാജയോഗിയുടെ വാക്ചിത്രത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ് ഇന്നു കാണുന്ന അഭിനവഗുപ്തന്റെ രേഖാചിത്രങ്ങളിൽ പലതും. അദ്ദേഹത്തിന്റെ ഗുരുനാഥപരാമർശം 47 ശ്ലോകങ്ങളടങ്ങിയ ഒരു സ്തോത്രകൃതിയാണ്. അഭിനവഗുപ്തസ്തുതിയാണ് അതിലെ പ്രതിപാദ്യം. ഗുരുനാഥപരാമർശത്തിന്റെ സംശോധനം ചെയ്ത പതിപ്പ് വി. രാഘവനാൽ എഴുതപ്പെട്ട Abhinavagupta and His Works എന്ന 1980-ൽ പ്രസിദ്ധീകരിച്ച പുസ്തകത്തിന്റെ ആദ്യഭാഗത്തുതന്നെ കൊടുത്തിട്ടുണ്ട്. ആ വാക്ചിത്രം താഴെ കൊടുത്തിരിക്കുന്നതുപോലെയാണ്.

*ദ്രാക്ഷാരാമസ്യ മദ്ധ്യേ സ്ഫടികമണിമയേ മണ്ഡപേ ചിത്രരമ്യേ*
*പുഷ്പസ്രഗ്ധൂപദീപൈർബഹളപരിമളേ ചർച്ചിതേ ചന്ദനാദ്യൈഃ*
*വാദ്യൈർഗീതൈഃ സനൃത്യൈഃ സതതമുഖരിതേ യോഗിനീസിദ്ധസംഘൈ-*
*രാകീർണ്ണേ സ്വർണ്ണപീഠേ മൃദുതലിമതലേ ബദ്ധമുക്താവിതാനേ*
*ആസീനഃ ക്ഷേമരാജപ്രഭൃതിരഖിലൈഃ സേവിതഃ ശിഷ്യവർഗ്ഗൈഃ*
*പാദോപാന്തേ നിഷണ്ണൈരവഹിതഹൃദയൈരുക്തമുക്തം ലിഖദ്ഭിഃ*
*ദ്വാഭ്യാം പാർശ്വസ്ഥിതാഭ്യാം ശിവരസകരകം പൂർണ്ണതാംബൂലപേടീം*
*ദൂതീഭ്യാം ബിഭ്രതീഭ്യാമപരകരലസന്മാതുലിംഗോത്പലാഭ്യാം*
*ആനന്ദാന്ദോളിതാക്ഷഃ സ്ഫുടകൃതതിലകോ ഭസ്മനാ ഭാലമദ്ധ്യേ*
*രുദ്രാക്ഷോല്ലാസികർണ്ണഃ കലിതകചഭരോ മാലയാലംബകൂർച്ചഃ*
*രക്താംഗോ യക്ഷപങ്കോല്ലസദസിതഗളോ ലംബമുക്തോപവീതഃ*
*ക്ഷൗമം വാസോ വസാനഃ ശശികരധവളം വീരയോഗാസനസ്ഥഃ*
*ജാന്വാസക്തൈകഹസ്തഃ സ്ഫുടപരമശിവജ്ഞാനമുദ്രാക്ഷസൂത്രോ*
*വാമശ്രീപാണിപദ്മസ്ഫുരിതനഖമുഖൈർവ്വാദയന്നാദവീണാം*
*ശ്രീകണ്ഠേശാവതാരഃ പരമകരുണയാ പ്രാപ്ത കാശ്മീരദേശഃ*
*ശ്രീമാന്നഃ പാതു സാക്ഷാദഭിനവപുഷാ ദക്ഷിണാമൂർത്തിദേവഃ*

(തുടരും)

RNI Registration Number – KERMAL/2012/56910



Printed and Published by K.P Sreedharan Namboothiri, owned by Shripuram Publications and printed at MAMA offset print, Irinjalakkuda, Thrissur, and published at Thrissur, address: Shripuram Publications, Madayikkonam,post,Irinjalakkuda, Thrissur, Kerala,680712. Editor: D.Prakash